# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറിച്ചൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.5/921/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 03/07/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.5/921/2021 തീയ്യതി: 03/07/2021

## തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 30-04-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ | 21-06-2021 | 29-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-06-2021 | 29-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധു പിഎസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി ജയലക്ഷ്മി ബികെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സീന കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ജസ്റ്റിൻ രാജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അൻവർ രാജ് എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജി മണികണ്ഠൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ബിന്ദുരാജ് എം എ | സെക്രട്ടറി | 01-04-2019 | 02-12-2019 |
| ശ്രീ അനിൽകുമാർ | സെക്രട്ടറി | 03-12-2019 | 16-12-2019 |
| ശ്രീ ജീവൻ എസ് | സെക്രട്ടറി | 16-12-2019 | 31-03-2020 |
| ശ്രീമതി രാഖി സി കെ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ സരിത എ എൽ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ ജോയ് ജോൺ | മെഡിക്കൽ ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ രശ്മി പി ആർ | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ മീരാറാണി ആർ വി | മെഡിക്കൽ ഓഫീസർ , ഹോമിയോപ്പതി | 01-04-2019 | 31-03-2020 |
| ശ്രീ അജേഷ് സത്യൻ | VEO I | 01-04-2019 | 31-03-2020 |
| ശ്രീ മഹേഷ് | VEO II | 01-04-2019 | 31-03-2020 |
| ശ്രീമതി ഷഹനാസ് എ കെ | ICDS സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ബിജിറ്റ് ചാക്കോ | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ശ്രീ സന്തോഷ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 19-07-2019 |
| ശ്രീ ജനാർദ്ദനൻ നായർ | അസിസ്റ്റന്റ് എഞ്ചിനിയർ | 20-07-2019 | 31-03-2020 |
| ശ്രീ രാജീവ് | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
| --- | --- | --- |
| 1 | ബജറ്റ്<br>Written By: Zeena K (Senior Grade Auditor, On 27-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1 |
| 2 | ബജറ്റിലെ തുകയും യഥാർത്ഥ തുകയും തമ്മിൽ അന്തരം<br>Written By: Zeena K (Senior Grade Auditor, On 27-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-1-1 |
| 3 | ബജറ്റിൽ വകയിരുത്താതെ ചെലവ് ചെയ്തിരിക്കുന്നു-നടപടിക്രമം പാലിക്കുന്നതിൽ ജാഗ്രതക്കുറവ്<br>Written By: Zeena K (Senior Grade Auditor, On 27-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-1-2 |
| 4 | പ്രതീക്ഷിത വരവ് ഉയർത്തിക്കാട്ടി ബജറ്റ് തയ്യാറാക്കിയിരിക്കുന്നു<br>Written By: Zeena K (Senior Grade Auditor, On 27-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-1-3 |
| 5 | ബജറ്റ് വിഹിതം ചെലവഴിക്കുന്നതിൽ അപാകത<br>Written By: Zeena K (Senior Grade Auditor, On 27-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-1-4 |
| 6 | പരിഷ്ക്കരിച്ച ബജറ്റ് സമയക്രമം പാലിച്ചില്ല.<br>Written By: Zeena K (Senior Grade Auditor, On 27-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-1-5 |
| 7 | വാർഷിക ധനകാര്യപത്രിക<br>Written By: Zeena K (Senior Grade Auditor, On 27-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-2 |
| 8 | Excess Of Income Over Expenditure Negative ആയി കാണിച്ചിരിക്കുന്നു.<br>Written By: Zeena K (Senior Grade Auditor, On 27-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-2-1 |
| 9 | ലോൺ നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.<br>Written By: Zeena K (Senior Grade Auditor, On 27-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-2-2 |
| 10 | സംയുക്ത പ്രോജക്ടുകളുടെ നീക്കിയിരിപ്പ് തുക തിരികെ ഒടുക്കിയില്ല<br>Written By: Zeena K (Senior Grade Auditor, On 27-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-2-3 |
| 11 | ബാലൻസ് ഷീറ്റിൽ തനതു ഫണ്ടിലെതുകകൾ വ്യത്യാസമില്ലാതെ അവശേഷിക്കുന്നു<br>Written By: Zeena K (Senior Grade Auditor, On 27-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-2-4 |
| 12 | അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Zeena K (Senior Grade Auditor, On 27-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-2-5 |
| 13 | പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം തിരികെ നൽകിയില്ല<br>Written By: Zeena K (Senior Grade Auditor, On 27-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-2-6 |
| 14 | പാർട്ട് ബിൽ വിവരം ഹാജരാക്കിയിട്ടില്ല.<br>Written By: Zeena K (Senior Grade Auditor, On 27-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-2-7 |

| | | |
|---|---|---|
| 15 | Union Bank -MNH(450410103) നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല.<br>Written By: Zeena K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-2-8 |
| 16 | KURDFC ലോൺ തുക തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.<br>Written By: Zeena K (Senior Grade Auditor, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-2-9 |
| 17 | സാമ്പത്തികനില<br>Written By: Zeena K (Senior Grade Auditor, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-3 |
| 18 | ഗ്രാന്റ് വിനിയോഗം<br>Written By: Zeena K (Senior Grade Auditor, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-4 |
| 19 | വാർഷിക ധനകാര്യപത്രിക,ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ,ACRഎന്നിവ പൊരുത്തപ്പെടുന്നില്ല<br>Written By: Zeena K (Senior Grade Auditor, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-5 |
| 20 | പദ്ധതി അവലോകനം<br>Written By: Zeena K (Senior Grade Auditor, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-6 |
| 21 | ക്ഷേമപദ്ധതികൾ<br>Written By: Anwar Raj.M (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-7 |
| 22 | ക്യാഷ് ബാലൻസ്<br>Written By: Zeena K (Senior Grade Auditor, On 27-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-8 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Zeena K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-9 |
| 24 | തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-10 |
| 25 | മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി പിരിച്ചെടുക്കുന്നില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-11 |
| 26 | റേഷൻ കടകളിൽനിന്ന് തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-12 |
| 27 | സ്ഥാപന നികുതി പിരിച്ചെടുത്തിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-13 |
| 28 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച<br>Written By: Justin Raj T.S (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-14 |
| 29 | വാഹനം ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റിന് വിധേയമാക്കിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-15 |
| | | |

| | | |
|---|---|---|
| 30 | സ്പീച്ച്, ബിഹേവിയർ, ഒക്കുപ്പേഷൻ തെറാപ്പി നടപ്പാക്കേണ്ടതാണ്<br>Written By: Zeena K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-16 |
| 31 | ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപവത്ക്കരിക്കേണ്ടതാണ്.<br>Written By: Zeena K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-17 |
| 32 | പദ്ധതി പൂർത്തീകരണപത്രം സുലേഖയിൽ തയ്യാറാക്കേണ്ടതാണ്.<br>Written By: Zeena K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-18 |
| 33 | അങ്കണവാടികെട്ടിടങ്ങളുടെ വാടക ജീവനക്കാരിൽ നിന്നും ഈടാക്കുന്നു.<br>Written By: Zeena K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-19 |
| 34 | പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതാണ്.<br>Written By: Zeena K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-20 |
| 35 | സ്കൂൾ ഓഡിറ്റോറിയത്തിലേക്ക് കസേരവാങ്ങൽ- ഭരണസമിതി തീരുമാനമില്ലാതെ വാങ്ങൽ നടത്തി<br>Written By: Jayalekshmi BK (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-21 |
| 36 | സ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങൽ- രേഖകൾ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു<br>Written By: Jayalekshmi BK (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-22 |
| 37 | തുല്യതാപഠനം- രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Jayalekshmi BK (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-23 |
| 38 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - പൊതു അപാകതകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-24 |
| 39 | പാലിയേറ്റീവ് കെയർ- അപാകതകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-24-1 |
| 40 | പ്രാഥമികാരോഗ്യകേന്ദ്രത്തിന് മരുന്ന് വാങ്ങൽ- മരുന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Jayalekshmi BK (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-24-2 |
| 41 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jayalekshmi BK (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-25 |
| 42 | മെറ്റീരിയൽ വർക്ക്- നിയമാനുസൃത ടി.ഡി.എസ് ഈടാക്കേണ്ടതാണ്<br>Written By: Jayalekshmi BK (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-25-1 |
| 43 | ടെണ്ടർ ഫോം വില ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Jayalekshmi BK (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-26 |
| 44 | | 1-27 |

| | | |
|---|---|---|
| | പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം- പിഴ ഈടാക്കിയില്ല<br>Written By: Jayalekshmi BK (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | |
| 45 | മാലിന്യ സംസ്ക്കരണം- കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Jayalekshmi BK (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-28 |
| 46 | പുക പരിശോധയ്ക്ക് (Pollution Test)വിധേയമാക്കിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-29 |
| 47 | മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-30 |
| 48 | ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ<br>Written By: Justin Raj T.S (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-31 |
| 49 | ജനറേറ്ററിന്റെ ലോഗ്ബുക്ക്,ഇന്ധന രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-32 |
| 50 | കരാർപത്രം (എഗ്രിമെന്റ്) ചമച്ചിട്ടില്ല<br>Written By: Anwar Raj.M (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-33 |
| 51 | ഫാക്ടറി വ്യാപാര ലൈസൻസ് പരിശോധന<br>Written By: Anwar Raj.M (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-34 |
| 52 | ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ അപാകങ്ങൾ<br>Written By: Anwar Raj.M (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-35 |
| 53 | ദുരിതാശ്വാസനിധി നിർജീവം- ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.<br>Written By: Sindhu P.S (Audit Officer, On 30-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-36 |
| 54 | ഗ്രാമസഭ/ഊരുകൂട്ടം ചുമതലകൾ നിറവേറ്റുന്നില്ല<br>Written By: Sindhu P.S (Audit Officer, On 30-06-2021)<br>Last Updated By: Sindhu P.S (Audit Officer, On 03-07-2021) | 1-37 |
| 55 | പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതലകൾ നിറവേറ്റുന്നില്ല<br>Written By: Sindhu P.S (Audit Officer, On 30-06-2021)<br>Last Updated By: Sindhu P.S (Audit Officer, On 03-07-2021) | 1-38 |
| 56 | പദ്ധതി മോണിറ്ററിംഗ് നടക്കുന്നില്ല<br>Written By: Sindhu P.S (Audit Officer, On 30-06-2021)<br>Last Updated By: Sindhu P.S (Audit Officer, On 03-07-2021) | 1-39 |
| 57 | കമ്പ്യൂട്ടർ വാങ്ങുന്നതിന് തുക അധികമായി നൽകി - 1544/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Sindhu P.S (Audit Officer, On 30-06-2021)<br>Last Updated By: Sindhu P.S (Audit Officer, On 03-07-2021) | 1-40 |
| 58 | ആസ്തികൾ കൃത്യമായി പരിപാലിക്കുന്നില്ല<br>Written By: Sindhu P.S (Audit Officer, On 30-06-2021)<br>Last Updated By: Sindhu P.S (Audit Officer, On 03-07-2021) | 1-41 |

**ഭാഗം 2**

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4

| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Zeena K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Zeena K (Senior Grade Auditor, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Zeena K (Senior Grade Auditor, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Zeena K (Senior Grade Auditor, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Zeena K (Senior Grade Auditor, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Zeena K (Senior Grade Auditor, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Zeena K (Senior Grade Auditor, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayalekshmi BK (Senior Grade Auditor, On 30-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 30-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 4-9 |

## അനുബന്ധം

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1

## 1 ബജറ്റ്.

21.02.2019 ലെ 1(1) നമ്പർ തീരുമാനപ്രകാരം 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചു. മുന്നിരിപ്പുൾപ്പെടെയുള്ള പ്രതീക്ഷിത വരവ് 18,35,01,815/-രൂപയും പ്രതീക്ഷിത ചെലവ് 17,60,16,140/-രൂപയുമാണ്. ബജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-1-1 ബജറ്റിലെ തുകയും യഥാർത്ഥ തുകയും തമ്മിൽ അന്തരം

2018-19 സാമ്പത്തിക വർഷത്തെ വരവും ചെലവും ഉൾക്കൊണ്ടുള്ള ബജറ്റല്ല തയ്യാറാക്കിയിരിക്കുന്നത്.

| ഇനം | 2018-19 (AFS പ്രകാരം) | 2019-20 (AFS പ്രകാരം) | 2019-20 ബജറ്റ് പ്രകാരം |
|---|---|---|---|
| വരവ് | 8,37,11,443/- | 8,33,31,720/- | 17,77,75,800/- |
| ചെലവ് | 8,02,70,414/- | 7,99,41,737/- | 17,60,16,140/- |

വരവും ചെലവും ഉയർത്തിക്കാട്ടി ബജറ്റ് തയ്യാറാക്കിയിരിക്കുന്നു.

യഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-1-2 ബജറ്റിൽ വകയിരുത്താതെ ചെലവ് ചെയ്തിരിക്കുന്നു- നടപടിക്രമം പാലിക്കുന്നതിൽ ജാഗ്രതക്കുറവ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടാത്ത തുക ചെലവഴിക്കുന്നുണ്ടെങ്കിൽ അനുബന്ധ ബജറ്റ്/പരിഷ്കരിച്ച ബജറ്റ് അവതരിപ്പിക്കേണ്ടതും തൊട്ടടുത്ത ഗ്രാമപഞ്ചായത്ത് യോഗത്തിൽ അംഗീകരിക്കേണ്ടതുമാണ്. എന്നാൽ പരിഷ്കരിച്ച ബജറ്റിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന ഇനങ്ങൾക്ക് മേൽ നടപടിക്രമങ്ങൾ പാലിക്കാതെ ചെലവ് നടത്തിയിട്ടുണ്ട്.

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | ബജറ്റ് പ്രകാരമുള്ള തുക (പരിഷ്കരിച്ച) | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2502001 | Soil &Water Conservation | -- | 261200/- |
| 2 | 2504001 | Environment Conservation | -- | 178214/- |
| 3 | 2514001 | Development Programme For Women &Children | -- | 119509/- |
| 4 | 2516008 | General Economic Services-Other Plan Expenditure | -- | 150000/- |
| 5 | 2521007 | Office Electrification | -- | 1500/- |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 18 ന്റെ മറുപടിയിൽ ഇ-ബിൽ ജനറേറ്റ് ചെയ്യുവാൻ വൈകുന്നതിനാലാണ് ചെലവ് പരിഷ്കരണം രേഖപ്പെടുത്തുവാൻ വൈകുന്നതെന്ന് അറിയിച്ചിരിക്കുന്നു.

ബജറ്റിൽ വകയിരുത്താതെ ചെലവ് ചെയ്തത് അടുത്ത കമ്മിറ്റിയിൽ അംഗീകരിക്കുവാനും ആയത് ഭാവിയിൽ തുടരാതിരിക്കുന്നതിനും ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-1-3 പ്രതീക്ഷിത വരവ് ഉയർത്തിക്കാട്ടി ബജറ്റ് തയ്യാറാക്കിയിരിക്കുന്നു

2019-20 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത വരവിനങ്ങൾ മുൻവർഷത്തേ അപേക്ഷിച്ച് കൂടുതലായി കാണിച്ചിരിക്കുന്നു. തൻവർഷ ഡിമാന്റായി കാണിച്ചിരിക്കുന്നതിനേക്കാളും കൂടുതലാണ് താഴെപ്പറയുന്ന ഇനങ്ങളുടെ പ്രതീക്ഷിത വരവ്.

| ക്രമ നം | ഇനം | 2018-19 RP പ്രകാരമുള്ള വരവ് (അരിയർ ഉൾപ്പെടെ) | 2019-20 l പ്രകാരമുള്ള ഡിമാന്റ് | 2109-20 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് |
|---|---|---|---|---|
| 1 | Property Tax | 22,33,512/- | 24,69,913/- | 38,00,000/- |
| 2 | Profession Tax | 11,40,250/- | 11,11,376/- | 17,50,000/- |
| 3 | Rent From Buildings | 42,300/- | 50,640/- | 55,000/- |
| 4 | Rent From Auditorium & Hall | 27,500/- | 25,200/- | 1,35,000/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 18 നുള്ള മറുപടിയിൽ തൊഴിൽ നികുതി കെട്ടിട നികുതി എന്നീയിനങ്ങളിൽ വർദ്ധനവുണ്ടാവുമെന്ന പ്രതിക്ഷയിലാണ് ഇത്തരത്തിൽ തുക വകയിരുത്തയതെന്ന അറിയിച്ചിരിക്കുന്നു.

യഥാർത്ഥ്യബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കുന്നതിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-1-4 ബജറ്റ് വിഹിതം ചെലവഴിക്കുന്നതിൽ അപാകത

A)2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ/ പരിഷ്ക്കരിച്ച ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ തുക ചെലവഴിച്ചിട്ടില്ല. ഏതാനം ഉദാഹരണങ്ങൾ ചുവടെ

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | ബജറ്റ് പ്രകാരമുള്ള തുക (പരിഷ്ക്കരിച്ച) | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2501011 | Agriculture And Related Sectors-Plantain | 4,60,800/- | -- |
| 2 | 2501014 | Agriculture And Related Sectors-Horticulture | 3,54,400/- | -- |
| 3 | 2501018 | Agriculture And Related Sectors-Ginger | 1,74,000/- | -- |
| 4 | 2501025 | Agriculture And Related Sectors-Infrastructure | 24,000/- | -- |
| 5 | 2501033 | Animal Husbandry-Buffalo | 6,76,000/- | -- |

B)2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ/ പരിഷ്കരിച്ച ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ നാമമാത്രമായ തുക ചെലവഴിച്ചിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | ബജറ്റ് പ്രകാരമുള്ള തുക (പരിഷ്കരിച്ച) | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 250100201 | Agriculture Development Programms-General | 5,28,000/- | 35,000/- |
| 2 | 250100901 | Agriculture And Related Sectors-Coconut | 2,57,250/- | 33,500/- |
| 3 | 250101101 | Agriculture And Related Sectors-Vegetables | 1,60,000/- | 15,000/- |
| 4 | 250103201 | Animal Husbandry-Goat | 18,40,000/- | 4,64,000/- |
| 5 | 250103401 | Animal Husbandry-Calf | 5,00,000/- | 1,25,000/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 18 നുള്ള മറുപടിയിൽ ഗുണഭോക്താക്കളുടെ അപര്യാപ്തതകാരണവും പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ കാരണവും പദ്ധതികൾ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ലായെന്ന് അറിയിച്ചിരിക്കുന്നു.

ഭാവിയിൽ പ്രായോഗികത കണക്കിലെടുത്ത് ബജറ്റ് തയ്യാറാക്കി അംഗീകാരം നേടുന്നതിനും അവ യഥാവിധി ചെലവഴിക്കുന്നതിനും ഭരണസമിതി ജാഗ്രത പുലർത്തേണ്ടതാണ്.

## 1-1-5 പരിഷ്കരിച്ച ബജറ്റ് സമയക്രമം പാലിച്ചില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടസ്) ചട്ടങ്ങൾ 72 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവു ചെയ്യുന്നതിനായി അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്.

എന്നാൽ അത്തരത്തിലല്ല പഞ്ചായത്തിന്റെ ബജറ്റുകൾ പരിഷ്കരിച്ചിരിക്കുന്നത്. 2018-19 ലെ പരിഷ്കരിച്ച ബജറ്റ് പുതുക്കി തയ്യാറാക്കിയിരിക്കുന്നത് 2019-20 ലും 2019-20 ലേതു 2020-21 ലുമായാണ്.

ആക്ടിലെ 214(5) പ്രകാരം ബജറ്റിൽ ഇല്ലാത്ത ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അംഗീകരിച്ച് അനുവാദം നേടേണ്ടതാണ്. അടുത്ത വർഷത്തെ ബജറ്റിനോടൊപ്പം തന്നാണ്ടിൽ ബജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവു ചെയ്യുന്നതിനുള്ള അനുമതി നൽകുന്നത് പുതുക്കിയ ബജറ്റായി കണക്കാക്കുവാൻ പാടില്ല. എല്ലാ സാമ്പത്തിക വർഷത്തിലെയും ബജറ്റ് അംഗീകരിക്കുന്നതിനോടൊപ്പമാണ് മുൻ വർഷത്തെ ബജറ്റ് പരിഷ്കരിക്കുന്നത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 19 നുള്ള മറുപടിയിൽ വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ ചെലവുകൾ സാമ്പത്തിക വർഷം അവസാനമാണ് പൂർത്തീകരിക്കുന്നതും കൂടാതെ ടെണ്ടർ നടപടികൾ സ്വീകരിക്കുമ്പോൾ പലതവണ റീടെണ്ടർ നടപടികളും ഉണ്ടാകുന്ന സാഹചര്യത്തിൽ ബജറ്റ് സാമ്പത്തിക വർഷമവസാനമാണ് പരിഷ്കരിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്.

പഞ്ചായത്ത് രാജ് ആക്ടിലെ നിർദ്ദേശങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കുവാൻ ഭരണസമിതിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 24.09.2020 | -- | -- |

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-2-1 Excess Of Income Over Expenditure Negative ആയി കാണിച്ചിരിക്കുന്നു.

Balance Sheet B1 പ്രകാരം Excess Of Income Over Expenditure Negative ആയി കാണിച്ചിരിക്കുന്നു.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 3/2021 നുള്ള മറുപടിയിൽ തനതു വരുമാനത്തിന്റെ കുറവും ചെലവുകൾ കൂടുതലുമായതിനാലാണെന്ന് അറിയിച്ചിരിക്കുന്നു.

### 1-2-2 ലോൺ നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

Balance Sheet B5/B16 എന്നിവ പ്രകാരം ലോൺ നീക്കിയിരിപ്പ് തുകയിൽ അവ്യക്തത.

2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക B5/B16 പ്രകാരം അടവാക്കുവാൻ അവശേഷിക്കുന്ന ലോൺ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

Co-Operative Bank 13,37,700/-രൂപയാണ്, എന്നാൽ തൻ വർഷം 12,96,123/-രൂപ മാത്രമാണ് ഈയിനത്തിൽ അടവാക്കിയത് ബാക്കി തുകയായ 41577/-രൂപ. എന്നാൽ നീക്കിയിരിപ്പ് തുകയുള്ളതായി B5/B16 ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/2021 നുള്ള മറുപടിയിൽ പ്രസ്തുത തുക EMS ഭവന പദ്ധതിയ്ക്കായി വായ്പയെടുത്ത തുകയിൽ ബാക്കി വന്നതായതിനാൽ വായ്പയുടെ മുതൽ തിരിച്ചടവിനായി ഉപയോഗിക്കുവാൻ ഗ്രാമവികസന വകുപ്പിന്റെ ഓഡിറ്റ് വേളയിൽ നിർദ്ദേശിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 41577/-രൂപ പഞ്ചായത്തിന്റെ 1.02.2019 ലെ കമ്മിറ്റി തീരുമാനപ്രകാരം വി.ഇ.ഒ മുഖാന്തിരം കുറ്റിച്ചൽ സർവ്വീസ് സഹകരണ ബാങ്കിൽ അടവാക്കിയിട്ടുണ്ട്.

എന്നാൽ പ്രസ്തുത ചെലവ് വിവരം വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-2-3 സംയുക്ത പ്രോജക്ടുകളുടെ നീക്കിയിരിപ്പ് തുക തിരികെ ഒടുക്കിയില്ല

സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക്/ജില്ലാപഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകകളിലെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക, ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ 2019-20 വർഷവും തിരികെ ഒടുക്കിയിട്ടില്ല.

| തദ്ദേശസ്ഥാപനം | 2018-19 | 2019-20 |
|---|---|---|
| ജില്ലാ പഞ്ചായത്ത് (For Revenue Expenditure) | 257617 | 257617 |
| ബ്ലോക്ക് പഞ്ചായത്ത് (For Revenue Expenditure) | 10000 | 10000 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 3/2021 നുള്ള മറുപടിയിൽ പ്രസ്തുത തുകകൾ 2018-19 അവസാന വർഷം ലഭ്യമായവയാണെന്നും 2019-20 ൽ ട്രഷറി ജോയിന്റ് വെഞ്ചർ മരവിപ്പിച്ചതിനാലും തുടർന്നുള്ള പണമിടപാടുകൾ നടത്തുവാൻ കഴിഞ്ഞിട്ടില്ലായെന്നു അറിയിച്ചിരിക്കുന്നു.

### 1-2-4 ബാലൻസ് ഷീറ്റിൽ തനതു ഫണ്ടിലെതുകകൾ വ്യത്യാസമില്ലാതെ അവശേഷിക്കുന്നു

2018-19, 2019-20 എന്നീ വർഷങ്ങളിൽ Balance Sheet B4 Schedule-ൽ ചുവടെ ചേർക്കുന്ന ഫണ്ടുകളുടെ തുകകൾ വ്യത്യാസമില്ലാതെ അവശേഷിക്കുന്നു.

| ഫണ്ട് | 2018-19 | 2019-20 |
|---|---|---|
| Fund From Transferred Institutions- Ayurveda | 300000 | 300000 |
| Literacy Scheme Grant | 3205 | 3205 |
| Grant For Festivals | 17751 | 17751 |

| | | |
|---|---|---|
| Grants,Funds,&Contributions For Specific Purpose-Other Government Agencies | 398850 | 398850 |

അവശേഷിക്കുന്ന തുകകൾ ചെലവഴിക്കുന്നതിനോ, തിരികെ ഒടുക്കുന്നതിനോയുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-2-5 അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62 (എഫ്) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2-6 പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം തിരികെ നൽകിയില്ല

2019-20 വർഷം വിവിധ പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതത്തിൽ 12386/- രൂപ ഗുണഭോക്താക്കൾക്ക് തിരികെ നൽകിയിട്ടില്ല. പ്രസ്തുത തുക തൻവർഷത്തെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ 320800101 Beneficiary Contributions എന്ന ഹെഡിൽ നീക്കിയിരിപ്പുണ്ട്. ആയത് ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-2-7 പാർട്ട് ബിൽ വിവരം ഹാജരാക്കിയിട്ടില്ല.

2019-20 ബാലൻസ് ഷീറ്റ് B-11(A) യിലെ Capital Work In Progress പരിശോധിക്കുന്നതിലേയ്ക്കായി പാർട്ട് ബിൽ നൽകിയതിന്റെ വിവരം സംബന്ധിച്ചുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ അതിന്റെ ആധികാരികത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

## 1-2-8 Union Bank -MNH(450410103) നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല.

2019-20 വാർഷിക ധനകാര്യപത്രിക RP 40(B) പ്രകാരം Union Bank -MNH(450410103) നീക്കിയിരിപ്പ് തുക 44885/-രൂപയാണ്. എന്നാൽ പാസ് ബുക്ക് പ്രകാരം 45636/-രൂപയാണ്.

## 1-2-9 KURDFC ലോൺ തുക തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

KURDFC Loan തുകയായി 22760311/- രൂപയാണ് 2018-19 സാമ്പത്തിക വർഷത്തിൽ അടവാക്കുവാൻ ബാക്കിയുണ്ടായിരുന്നത്.

തൻവർഷം വരവായി RP 32 (Secured Loans) KURDFC യിൽ നിന്ന് 14680000/-രൂപയാണ് (രജിസ്റ്റർ പ്രകാരം). എന്നാൽ വാർഷിക ധനകാര്യപത്രികയിൽ 14860000/-രൂപയെന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. അങ്ങനെയെങ്കിൽ ആകെ തുക 37440311/-രൂപയാണ്.

തൻ വർഷം ചെലവ് (311 +2617648*) 2617959 /-രൂപയും (* പ്രസ്തുത തുക സെക്രട്ടറിയുടെ പ്രോജക്ട് മുഖാന്തിരം അടവാക്കിയിട്ടുണ്ട്) . അതിൻ പ്രകാരം നീക്കിയിരിപ്പ് 34822352/-രൂപയാണ് വരേണ്ടത്.

എന്നാൽ നീക്കിയിരിപ്പ് തുകയായി B5/B16 ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത് 35002352/-രൂപയാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/2021 നുള്ള മറുപടിയിൽ തൻ വർഷം അധികമായി ചെലവഴിച്ച തുക 2020-21 ൽ ക്രമപ്പെടുത്തിയെന്ന അറിയിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തികനില

| | |
|---|---|
| മുന്നിരിപ്പ് | 6881597 |
| ഓഡിറ്റ് വർഷത്തെ വരവ് | 83331720 |
| ആകെ | 90213317 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 79941737 |
| നീക്കിയിരിപ്പ് | 10271580 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 79766 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 9541494 | 9541494 | 9538889 | 2605 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 4168882 | 4168882 | 2236752 | 1932130 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 3061176 | 3061176 | 1800629 | 1260547 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 0 | 0 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 9727398 | 9727398 | 4086213 | 5641185 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 22085000 | 22085000 | 8928126 | 13156874 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 3652000 | 3652000 | 2588620 | 1063380 |
| പ്രത്യേക ഗ്രാന്റ് (ഇനം തിരിച്ച്) | | | | | |
| Bio-Diversity | 368342 | 12900 | 381242 | 190399 | 190843 |
| MNH | 44116 | 769 | 44885 | - | 44885 |
| WGDP | 5609 | 192 | 5801 | -- | 5801 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
| സാക്ഷരത | 3205 | 118624 | 121829 | 118560 | 3269 |
| Distress Relief Fund | 1646 | 32 | 1678 | -- | 1678 |
| SSA | 132354 | 4559 | 136913 | -- | 136913 |
| കേന്ദ്രാവിഷ്കൃത ഫണ്ട്(ഇനം തിരിച്ച്) | | | | | |
| എൻ.ആർ.ഇ.ജി.എ | 71122 | 1662474 | 1733596 | 1204054 | 529542 |
| എെ.സി.ഡി.സ് | 1132392 | 670239 | 1802631 | 410692 | 1391939 |
| മറ്റ് ഗ്രാന്റുകൾ, അവാർഡുകൾ | -- | -- | -- | -- | -- |

## 1-5 വാർഷിക ധനകാര്യപത്രിക,ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ,ACRഎന്നിവ പൊരുത്തപ്പെടുന്നില്ല

സ്ഥാപനം ഹാജരാക്കിയ വാർഷിക ധനകാര്യപത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , ACRഎന്നിവ പരിശോധിച്ചതിൽ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | ഇനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസന ഫണ്ട് | AFS | 9538889 | 9538889 | 0 |
| [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | |
|---|---|---|---|---|
| (ജനറൽ) | ACR | 9541494 | 9538889 | 2605 |
| | Grant Statement | 9541494 | 12723395 | -3181901 |
| വികസന ഫണ്ട് (എസ്.സി.പി) | AFS | 2236752 | 2236752 | 0 |
| | ACR | 4168882 | 2236752 | 1932130 |
| | Grant Statement | 4168882 | 2280870 | 1888012 |
| വികസന ഫണ്ട് (റ്റി.എസ്.പി) | AFS | 1800629 | 1800629 | 0 |
| | ACR | 3061176 | 1800629 | 1260547 |
| | Grant Statement | 3061176 | 2109453 | 951723 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 251 | 163062992 | 125 | 65378702 | -- | 126 | 50% |

സ്പിൽ ഓവർ പദ്ധതികൾ 2019-20 സാമ്പത്തിക വർഷത്തിലും നടപ്പാക്കിയില്ല

16-11-2013 ലെ സർക്കാർ ഉത്തരവ് നമ്പർ 362/2013/ത.സ്വ.ഭ.വ ഖണ്ഡിക 11.3 Xii (ഇ) യിലും 29-3-2017 ലെ 72/2017/ തസ്വഭവ നമ്പരിലുള്ള പദ്ധതി മാർഗനിർദ്ദേശത്തിലും സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ വർഷം തന്നെ പൂർത്തീകരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ സെക്രട്ടറി, അസി. എഞ്ചിനീയർ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി 2019-20 ൽ അംഗീകാരം ലഭിച്ച സ്പിൽ ഓവർ പ്രോജക്ടുകളിൽ പൂർത്തിയാക്കാത്തവയുടെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | 193/19-20 | കോട്ടൂർ ആയൂർവേദ ആശുപത്രി വയറിംഗ് | 150000/- | സെക്രട്ടറി |
| 2 | 194/19-20 | നെല്ലിക്കുന്ന് അംഗൻവാടി വയറിംഗ് | 50000/- | സെക്രട്ടറി |
| 3 | 195/19-20 | അംഗൻവാടികളുടെ വയറിംഗ് | 150000/- | സെക്രട്ടറി |
| 4 | 196/19-20 | ആമല സാംസ്കാരിക നിലയം വയറിംഗ് | 75000/- | സെക്രട്ടറി |
| 5 | 205/19-20 | ഉമ്പൂർ മോഡൽ മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ | 1200000/- | സെക്രട്ടറി |
| 6 | 201/19-20 | ഹോമിയോ ആശുപത്രി ജന സൗഹൃദ ടോയിലറ്റ് | 100000/- | അസി.എഞ്ചിനീയർ |
| 7 | 203/19-20 | പഞ്ചായത്ത് ഓഫീസ് ടോയിലറ്റ് | 150000/- | അസി.എഞ്ചിനീയർ |
| 8 | 205/19-20 | കുറ്റിച്ചൽ എൽ.പി.എസ് ടോയിലറ്റ് | 260000/- | അസി.എഞ്ചിനീയർ |
| 9 | 206/19-20 | കോട്ടൂർ യു.പി.എസ് ടോയിലറ്റ് | 200000/- | അസി.എഞ്ചിനീയർ |
| 10 | 207/19-20 | കുറ്റിച്ചൽ കംഫർട്ട് സ്റ്റേഷൻ മെയിന്റനൻസ് | 75000/- | അസി.എഞ്ചിനീയർ |
| 11 | 209/19-20 | കുന്നംത്തേരി പാറ്റാംപ്പാറ | 200000/- | അസി.എഞ്ചിനീയർ |

| | | | | |
|---|---|---|---|---|
| | | നടപ്പാത നിർമ്മാണം | | |
| 12 | 212/19-20 | കല്ലുവെട്ടാംകുഴി കുടിവെള്ള പദ്ധതി | 300000/- | അസി.എഞ്ചിനീയർ |

സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ വർഷം തന്നെ പൂർത്തീകരിക്കുവാൻ നിർവ്വഹണോദ്യോഗസ്ഥരും ചുമതലപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 240000 | 108 |
| കർഷകതൊഴിലാളി പെൻഷൻ | 1034400 | 349 |
| വിധവാപെൻഷൻ | 5871000 | 1985 |
| വാർദ്ധക്യകാലപെൻഷൻ | 10913400 | 3572 |
| വികലാംഗപെൻഷൻ | 1666200 | 553 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 30000 | 1 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 151200 | 50 |

## 1-8 ക്യാഷ് ബാലൻസ്

കുറിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2019-20വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.06.2021 തീയ്യതിയിൽ രാവിലെ 11.30 സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 15734/-രൂപയുടെ നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15/02/2021 | 01/09/2020-31/12/2020 | 15/02/2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26/03/2015 മുതൽ 07/05/2015 | 2010-11 മുതൽ 2014-15 | 14/06/2015 |

## 1-10 തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല

വിവിധ വാർഡുകളിലെ വ്യാപാരികൾക്ക് 2019-2020 സാമ്പത്തിക വർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ നിർദ്ദിഷ്ട രീതിയിലുള്ള ഡിമാന്റ് നോട്ടീസിന്റെ/ബില്ലിന്റെ ഡ്യൂപ്ലിക്കേറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് 21.06.2021 ൽ 02 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2019-2020 വർഷം വ്യാപാര സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി അടയ്ക്കുന്നതിന് നോട്ടീസ് നൽകിയിരുന്നു. ആയത് പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നു എന്ന മറുപടി നൽകിയെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വ്യാപാരികൾക്ക് ഓരോ സാമ്പത്തിക വർഷവും (രണ്ട് അർദ്ധവർഷവും) തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ട് ഡിമാന്റ് നോട്ടീസ്/ബില്ല് യഥാസമയം നൽകേണ്ടതും ഇതിന്റെ ഡ്യൂപ്ലിക്കേറ്റിൽ കൈപ്പറ്റിയ വ്യക്തിയുടെ ഒപ്പും തീയതിയും നിർബന്ധമായും രേഖപ്പെടുത്തേണ്ടതുമാണ്.

1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 10(1) പ്രകാരം തൊഴിൽ നികുതി ഈടാക്കാവുന്ന വരുമാനം/ടേൺ ഓവർ കാണിക്കുന്ന റിട്ടേൺ സമർപ്പിക്കുവാൻ വ്യക്തികൾ/വ്യാപാരികൾ/കമ്പനികൾക്ക് നോട്ടീസ് നൽകേണ്ടതാണ്. ചട്ടം 18(1) പ്രകാരം തൊഴിൽ നികുതിയായി നിശ്ചയിക്കപ്പെട്ട തുക ഡിമാന്റ് ചെയ്യേണ്ടതാണ്. തൊഴിൽ നികുതി ചട്ടങ്ങൾ നിഷ്കർഷിക്കും പ്രകാരമുള്ള ഡിമാന്റ് ചെയ്യലിന്റെ അഭാവം നിമിത്തം നികുതി വരുമാനം ലഭിക്കാത്തതോ കുറയുന്നതോ കാലഹരണപ്പെടുന്നതോ ആയ സ്ഥിതിവിശേഷം സംജാതമായാൽ അത്തരത്തിലുണ്ടാകുന്ന വരുമാന നഷ്ടങ്ങളുടെ ബാദ്ധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിരിക്കും.

## 1-11 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി പിരിച്ചെടുക്കുന്നില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി പിരിച്ചെടുക്കുവാൻ സാധിച്ചിട്ടില്ല. 2013-14 സാമ്പത്തിക വർഷത്തെ രണ്ടാം അർദ്ധ വർഷം മുതലുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്. ടവർ പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ചട്ടങ്ങൾ പ്രകാരം കണക്കാക്കിയ തുകയാണ് മൊബൈൽ ടവർ കമ്പനികൾ നികുതിയായി പഞ്ചായത്തിൽ ഒടുക്കേണ്ടത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| മൊബൈൽ ടവറിന്റെ പേര് | വാർഡ് നമ്പർ | കെട്ടിട നമ്പർ | നിർണ്ണയിച്ച വാർഷിക വസ്തുനികുതി നിരക്ക് | കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| BSNL | 03 | 320 | 39691 | 2013- 14 To 2020-21 |
| BSNL | 14 | 309 | 11813 | 2013- 14 To 2020-21 |

ഇത് സംബന്ധിച്ച് 23.06.2021 ൽ നൽകിയ 09 നമ്പർ ഓഡിറ്റ് എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ ഓൺലൈൻ റവന്യൂ റിക്കവറിക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ ലഭിക്കേണ്ട നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു് നിന്നും സത്വര നടപടികൾ ഉണ്ടാകേണ്ടതാണ്.

## 1-12 റേഷൻ കടകളിൽനിന്ന് തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല

റേഷൻ കടകളിൽനിന്നും 2019-2020 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുക്കുകയോ ഫാക്ടറി-വ്യാപാര ലൈസൻസ് ഫീസ് ഈടാക്കുകയോ ചെയ്തിട്ടില്ല. ഇത് തനതുഫണ്ടിന്റെ വരുമാന ശോഷണത്തിനു കാരണമാകുന്നു. ഓഡിറ്റിനു ഹാജരാക്കിയ ഡി&ഒ രജിസ്റ്ററിൽ റേഷൻ കടകൾ ഉൾപ്പെട്ടു കാണുന്നില്ല. 1996-ലെ കേരള പഞ്ചായത്ത്‌രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-I, ക്രമ നം. 149, 150 പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് അനിവാര്യമാണ്.

ഇത് സംബന്ധിച്ച് 21.06.2021 തീയതിയിൽ 02 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് റേഷൻ കടകൾകളിൽ നിന്ന് തൊഴിൽ നികുതിയും ഫാക്ടറി-വ്യാപാര ലൈസൻസ് ഫീസും ഈടാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വ്യാപാരികളുടെ ലിസ്റ്റ് ഡി&ഒ (ഫാക്ടറി-വ്യാപാര ലൈസൻസ്) രജിസ്റ്റർ എന്നിവ തയ്യാറാക്കുമ്പോൾ റേഷൻ കടകളുടെ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതും കൃത്യമായ ഡിമാന്റ് നോട്ടീസിലൂടെ തൊഴിൽ നികുതിയിനത്തിലും ലൈസൻസ് ഫീസിനത്തിലും ലഭിക്കേണ്ട വരുമാനം ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-13 സ്ഥാപന നികുതി പിരിച്ചെടുത്തിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2019-2020 സാമ്പത്തിക വർഷത്തെ വരവു സംബന്ധമായ രേഖകളുടെ പരിശോധനയിൽ ചില ബാങ്കിംഗ്/ധനകാര്യ സ്ഥാപനങ്ങൾ, കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും തൻവർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) സ്ഥാപന നികുതി ഈടാക്കിയിട്ടില്ല. സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | മുടക്കം വരുത്തിയ അർദ്ധവർഷം |
|---|---|---|
| 1 | ശിവശക്തി ഫൈനാൻസ്, മേലെമുക്ക്, കുറ്റിച്ചൽ | I, II |
| 2 | മാവേലി സ്റ്റോർ, കുറ്റിച്ചൽ | II |
| 3 | കുറ്റിച്ചൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | II |
| 4 | കെയർ ഹോസ്പിറ്റൽ, കുറ്റിച്ചൽ | I, II |
| 5 | ബ്രദേഴ്സ് ഡെന്റൽ ക്ലിനിക്, കുറ്റിച്ചൽ | I, II |
| 6 | തനിമ ഏജൻസീസ്, മേലെമുക്ക്, കുറ്റിച്ചൽ | I, II |

| | | |
|---|---|---|
| 7 | ആർ. കെ ഓഡിറ്റോറിയം, കുറ്റിച്ചൽ | I, II |
| 8 | അൽഫിയ ചിക്കൻ സെന്റർ, മേലെമുക്ക്, കുറ്റിച്ചൽ | I, II |
| 9 | പാറു ട്രേഡേഴ്സ്, മേലെമുക്ക്, കുറ്റിച്ചൽ | I, II |
| 10 | സാരഥി കോളേജ്, മേലെമുക്ക്, കുറ്റിച്ചൽ | I, II |
| 11 | സ്റ്റാർ ബ്യൂട്ടി പാർലർ, മേലെമുക്ക്, കുറ്റിച്ചൽ | I, II |
| 12 | കോട്ടയ്ക്കൽ ആര്യവൈദ്യശാല, മേലെമുക്ക്, കുറ്റിച്ചൽ | I, II |
| 13 | വിശ്വസാരഥി മോട്ടോർ ഡ്രൈവിംഗ് സ്കൂൾ, കുറ്റിച്ചൽ | I, II |
| 14 | സഫ മാർജിൻ ഫ്രീ ബസാർ, കുറ്റിച്ചൽ | I, II |
| 15 | കവിത ബേക്കറി, കുറ്റിച്ചൽ | I, II |
| 16 | അഖില ട്രേഡേഴ്സ്, കുറ്റിച്ചൽ | I, II |

ഇതു സംബന്ധിച്ച് 21.06.2021 തീയതിയിൽ 02 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപന നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നു വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപന നികുതി പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-14 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച

തൊഴിൽ നികുതി സംബന്ധമായ രേഖകളുടെ പരിശോധനയിൽ ചില സ്ഥാപനങ്ങളിലെ/ഓഫീസുകളിലെ ജീവനക്കാരിൽ നിന്നും 2019-2020 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുക്കാൻ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. തൊഴിൽ നികുതി ഒടുക്കുന്നതിന് വീഴ്ച വരുത്തിയ സ്ഥാപനങ്ങളുടെ മേൽ കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 204, 205 എന്നിവയും 1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 3, 13 എന്നിവയും നിഷ്കർഷിക്കും പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. പ്രസ്തുത സാമ്പത്തിക വർഷം തൊഴിൽ നികുതി ഒടുക്കിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെ/ഓഫീസുകളുടെ പേരും മുടക്കം വരുത്തിയ അർദ്ധവർഷവും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനങ്ങളുടെ/ഓഫീസുകളുടെ പേര് | മുടക്കം വരുത്തിയ അർദ്ധവർഷം |
|---|---|---|
| 1 | കുറ്റിച്ചൽ ശ്രീ ധർമ്മശാസ്ത ക്ഷേത്ര ദേവസ്വം, കുറ്റിച്ചൽ | 1ഉം 2 ഉം അർദ്ധവർഷങ്ങൾ |
| 2 | അറഫ ഇംഗ്ലീഷ് മീഡിയം സ്കൂൾ, മണ്ണൂർകോണം | 1ഉം 2 ഉം അർദ്ധവർഷങ്ങൾ |

ഇതു സംബന്ധിച്ച് 21.06.2021 ൽ നൽകിയ 02 നം. ഓഡിറ്റ് എൻക്വയറിക്ക് തൊഴിൽ നികുതി അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി കുടിശ്ശിക പിഴപ്പലിശ സഹിതം എത്രയും പെട്ടെന്ന് പിരിച്ചെടുത്ത് തനത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## 1-15 വാഹനം ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റിന് വിധേയമാക്കിയിട്ടില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 21 B 2060 Bolero Jeep വാഹനത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ലോഗ്ബുക്കുകളുടെ പരിശോധനയിൽ 14.02.2020 ൽ ആണ് ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടന്നതായി രേഖപ്പെടുത്തിയിട്ടുള്ളത്. തത്സംബന്ധമായ സർട്ടിഫിക്കറ്റ് ഓഡിറ്റിനു ഹാജരാക്കിയിട്ടുണ്ട്. ഈ തീയതിക്കു മുമ്പായി ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയതു സംബന്ധിച്ച വിവരം ലോഗ്ബുക്കുകളിൽ രേഖപ്പെടുത്തുകയോ സർട്ടിഫിക്കറ്റ് പതിക്കുകയോ ചെയ്തിട്ടില്ല. 01.04.2019 മുതൽ 13.02.2020 വരെയുള്ള കാലയളവിലേയ്ക്ക് ബാധകമായ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന് ആധാരമായ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട്

28.06.2020 തീയതിയിൽ 25 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടില്ലെന്ന മറുപടിയാണ് ലഭ്യമാക്കിയത്. യഥാസമയം ഇന്ധനക്ഷമത ടെസ്റ്റ് നടത്തിയിട്ടില്ലാത്തതിനാൽ മൈലേജ് കൃത്യമായി നിർണ്ണയിക്കാൻ കഴിയാതെ വരികയും തത്ഫലമായി ഇന്ധന ചെലവ് വർദ്ധിക്കുന്നതിനും വാഹനം ദുരുപയോഗം ചെയ്യുന്നതിനും കാരണമാകുന്നു. ആയതിനാൽ സമയബന്ധിതമായി ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തുവാൻ കസ്റ്റോഡിയൻ ഓഫീസർ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 സ്പീച്ച്, ബിഹേവിയർ, ഒക്കുപ്പേഷൻ തെറാപ്പി നടപ്പാക്കേണ്ടതാണ്

14.02.2018ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 22/2018/ ത സ്വ ഭ വ പ്രകാരം അങ്കണവാടികളിലും ലോവർ പ്രൈമറി സ്കൂളുകളിലും ഉള്ള കുട്ടികളിൽ സംസാര വൈകല്യം ഉൾപ്പെടെ വ്യത്യസ്ത വൈകല്യങ്ങൾ ഉള്ളവർക്കായി സ്പീച്ച്, ബിഹേവിയർ, ഒക്കുപ്പേഷൻ തെറാപ്പി എന്നിവ ലഭ്യമാക്കാൻ മാസത്തിൽ രണ്ടു തവണയെങ്കിലും ഗ്രാമപഞ്ചായത്തുതലത്തിൽ സ്പെഷ്യലിസ്റ്റുകളുടെ സേവനം ക്രമീകരിക്കേണ്ടതുണ്ട്. വിവിധ ഗ്രാമപഞ്ചായത്തുകൾക്കായി പൊതുവായ ബഡ്സ് റീഹാബിലിറ്റേഷൻ ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിച്ചും ഈ സേവനം ലഭ്യമാക്കാവുന്നതാണ്. കുട്ടികളെ രക്ഷിതാക്കൾ തന്നെ സെന്ററിലെത്തിക്കുന്ന തരത്തിൽ വിഭാവനം ചെയ്യുന്ന പദ്ധതിയിൽ ഓരോ സ്പെഷ്യലിസ്റ്റിനും ഓരോ സിറ്റിംഗിനും 1000/- രൂപ ക്രമത്തിൽ തുക വകയിരുത്തേണ്ടതും യോഗ്യതയുള്ള തെറാപ്പിസ്റ്റുകളെ നിയോഗിച്ച് സെന്ററുകൾ തടസ്സമില്ലാതെ നടത്തേണ്ടതുമാണ്. ചെറുപ്പത്തിൽത്തന്നെ തെറാപ്പി ലഭ്യമാക്കിയാലേ തെറാപ്പികളുടെ ശരിയായ ഗുണം കുട്ടികൾക്ക് ലഭിക്കുകയുള്ളൂ എന്നതിനാൽ ഈ പദ്ധതിയ്ക്ക് മതിയായ ശ്രദ്ധ കൊടുക്കേണ്ടതുണ്ട്. എന്നാൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതിനിർവ്വഹണം ഇടയ്ക്കുവച്ച് നിറുത്തുന്നതും മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം തെറാപ്പിസ്റ്റുകളെ നിയമിക്കാതിരിക്കുന്നതും വഴി സമൂഹത്തിലെ അവശവിഭാഗത്തിന് അർഹമായ ആനുകൂല്യം നിഷേധിക്കുന്നത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ബഡ്സ് റീഹാബിലിറ്റേഷൻ ഫെസിലിറ്റേഷൻ സെന്റർ ഗ്രാമപഞ്ചായത്തുതലത്തിൽ സ്ഥാപിക്കുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് മേൽ ഉത്തരവ് പ്രകാരം ബ്ലോക്ക് തലത്തിൽ സെന്റർ സ്ഥാപിക്കുന്നതിനായി ശ്രമങ്ങൾ നടത്തേണ്ടതുണ്ടായിരുന്നു. എന്നാൽ അത്തരത്തിൽ ഒരു സെന്ററിനായി നടപടികൾ സ്വീകരിക്കാത്തത് ഓഡിറ്റ് ഗൗരവമായി കണക്കാക്കുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പ് ഉറപ്പാക്കാൻ കഴിയുന്ന വിധത്തിൽ ബഡ്സ് റീഹാബിലിറ്റേഷൻ ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിനായി സത്വര നടപടി സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നമ്പർ 17/2021 ന് നല്കിയ മറുപടിയിൽ പഞ്ചായത്തിൽ വന്ന തെറാപ്പിസ്റ്റുകൾ തെറാപ്പി നൽകണമെന്നുള്ള നിർദ്ദേശ പ്രകാരം പല തെറാപ്പിസ്റ്റുകളെയും, "നിഷ്" പോലുള്ള സ്ഥാപനങ്ങളെയും സമീപിച്ചുവെങ്കിലും ഫലം കണ്ടില്ലായെന്നും. തെറാപ്പി നൽകുന്നതിനുള്ള ഭൗതികസാഹചര്യത്തിന്റെ അഭാവവും ഇതു പ്രാവർത്തികമാക്കുന്നതിൽ വീഴ്ച്ച വന്നിട്ടുണ്ട്.

എന്നാൽ ഇത്രയും ഗുണകരമായ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റി എന്നിവ സവിശേഷ ശ്രദ്ധ പുലർത്തേണ്ടതും കുറ്റമറ്റ വിധത്തിൽ ഈ പദ്ധതി നടപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-17 ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപവത്ക്കരിക്കേണ്ടതാണ്.

02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 3.3.3.I പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപവത്ക്കരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 11/24.06.2021 ന് നല്കിയ മറുപടിയിൽ 2019 – 20 ൽ ഗ്രാമപഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി പ്രവർത്തിച്ചിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതികൾ സുഗമമായ നടത്താനും ലക്ഷ്യം കൈവരിക്കാനും കഴിയാതെ വരുന്നതിന്റെ പ്രധാന കാരണം ഈ കമ്മിറ്റി പ്രവർത്തിക്കാത്തതാണ്. ആയതിനാൽ ഗ്രാമപഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി പ്രവർത്തനക്ഷമമാക്കേണ്ട സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ സവിശേഷ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-18 പദ്ധതി പൂർത്തീകരണപത്രം സുലേഖയിൽ തയ്യാറാക്കേണ്ടതാണ്.

പദ്ധതി നിർവ്വഹണം പൂർത്തിയാകുന്ന മുറയ്ക്ക് എല്ലാ നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി പൂർത്തീകരണപത്രം സുലേഖയിൽ തയ്യാറാക്കണമെന്ന് 29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ ഖണ്ഡിക 11.4 ൽ നിർദ്ദേശിക്കുന്നു. എന്നാൽ ഇത്തരത്തിലുള്ള പദ്ധതി പൂർത്തീകരണപത്രം സുലേഖയിൽ തയ്യാറാക്കിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 11/24.06.2021 ന് നല്കിയ മറുപടിയിൽ പ്ലാൻ അപര്യാപ്തതമൂലം പല പദ്ധതികളും

പൂർത്തികരിക്കുവാൻ സാധിച്ചിട്ടില്ലായെന്ന അറിയിച്ചിരിക്കുന്നു. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് എല്ലാ നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി പൂർത്തീകരണപത്രം സുലേഖയിൽ തയ്യാറാക്കേണ്ടതാണ്

## 1-19 അങ്കണവാടികെട്ടിടങ്ങളുടെ വാടക ജീവനക്കാരിൽ നിന്നും ഈടാക്കുന്നു.

ഗ്രാമപഞ്ചായത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ചുവടെ ചേർക്കുന്ന അംഗൻവാടികളുടെ അധികവാടക അംഗൻവാടി അദ്ധ്യാപകരിൽ നിന്നാണ് അടവാക്കുന്നതെന്ന അദ്ധ്യാപകരെ നേരിൽ കേട്ടപ്പോൾ ശ്രദ്ധയിൽപ്പെട്ടു. പ്രതി മാസം 1000/-രൂപ മാത്രമാണ് വാടകയിനത്തിൽ വനിത ശിശു വികസന ഓഫീസിൽ നിന്നും അവർക്ക് ലഭിക്കുന്നതെന്ന അറിയിച്ചിട്ടുണ്ട്. 3 വർഷമായി ജീവനക്കാരാണ് അധിക വാടക നൽകി വരുന്നത്.

| ക്രമ നം | അംഗൻവാടി കേന്ദ്രത്തിന്റെ നം/ പേര് | പ്രതിമാസ വാടക തുക | അധികമായി അദ്ധ്യാപകരിൽ നിന്നും അടവാക്കുന്ന തുക |
|---|---|---|---|
| 1 | 111/കല്ലോട് വാർഡ് | 3200/- | 2200/- |
| 2 | 118/എലിമല വാർഡ് | 1500/- | 500/- |
| 3 | 128/തേമ്പാംമൂട് വാർഡ് | 1500/- | 500/- |
| 4 | 129/തച്ചൻക്കോട് വാർഡ് | 3500/- | 2500/- |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 17 നുള്ള മറുപടിയിൽ എല്ലാ വർഷവും ബജറ്റ് നിർദ്ദേശമായും വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളിലും പഞ്ചായത്ത് ഭരണ സമിതിയുടെ മുൻപാകെ നിരന്തരം മേൽ വിഷയം അവതരിപ്പിച്ചുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം നിരസിക്കുകയാണുണ്ടായതെന്ന അറിയിച്ചിരിക്കുന്നു.

ജീവനക്കാരിൽ നിന്നും അധിക വാടക ഈടാക്കുന്ന പ്രവണത അവസാനിപ്പിച്ച് ആവശ്യമായ വാടക ബജറ്റിൽ വകയിരുത്തി നൽകുവാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതാണ്.

2019-20 സാമ്പത്തിക വർഷം എ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായ ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 17/2021 നുള്ള മറുപടി ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | നടപ്പിലാക്കാത്തതിന്റെ കാരണം |
|---|---|---|
| പ്രോജക്ട് നം 22/2019 (വികസന ഫണ്ട്) | ഭിന്നശേഷിക്കാരായ കുട്ടികളുടെ തദ്ദേശഭരണസ്ഥാപനതല കായികകലാ മത്സരങ്ങൾ | വികസന ഫണ്ട് തീർന്നുപ്പോയതിനാലാണ്. |
| പ്രോജക്ട് നം 90/2019 (വികസന ഫണ്ട്) | ബാലസൗഹൃദജില്ല-ശിശു സൗഹൃത പഞ്ചായത്ത് പ്രവർത്തനങ്ങൾ | കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കാത്തതിനാൽ |
| പ്രോജക്ട് നം 152/2019 (വികസന ഫണ്ട്) | ജൻഡർ റിസോഴ്സ് സെന്റർ | |
| പ്രോജക്ട് നം 246/2019 (വികസന ഫണ്ട്) | ജാഗ്രതാസമിതി | ചെലവുകളെന്നും ഉണ്ടാകാത്തതിനാൽ |

പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ അവ നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ടുകൾ വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ഗ്രാമസഭകളിൽ നിന്നും വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നും ആവശ്യങ്ങൾ മനസ്സിലാക്കി

പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്.

## 1-21 സ്കൂൾ ഓഡിറ്റോറിയത്തിലേക്ക് കസേരവാങ്ങൽ- ഭരണസമിതി തീരുമാനമില്ലാതെ വാങ്ങൽ നടത്തി

പ്രോജക്റ്റ് നം. 14/20 (സ്കൂൾ ഓഡിറ്റോറിയത്തിലേക്ക് കസേരവാങ്ങൽ)

അടങ്കൽ - 50500/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ് - 499000/-(ബിൽ നം.24/25.02.2020)

നിർവ്വഹണം - എച്ച്.എം

പരുത്തിപ്പള്ളി എൽ.പി. സ്കൂൾ ഓഡിറ്റോറിയത്തിലേക്ക് Armless കസേരവാങ്ങാൻ ടെണ്ടർ ക്ഷണിച്ചതിൽ ആരും പങ്കെടുക്കാത്തതിനാൽ ക്വട്ടേഷൻ ക്ഷണിക്കുകയും(23.01.2020ലെ 1(15)നം. തീരുമാനം) ഇതിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ ഡി.എൻ.എം. ഫർണിച്ചറിൽ നിന്ന് വാങ്ങാൻ ഭരണസമിതി തീരുമാനമെടുത്തതായി ഫയലിൽ രേഖപ്പെടുത്തൽ ഉണ്ട്(07.02.2020 ലെ 2(1) നം. തീരുമാനം). എന്നാൽ ഭരണസമിതി മിനിട്സ് പരിശോധിച്ചതിൽ ഇത്തരത്തിൽ തീരുമാനമടുത്തതായി കാണുന്നില്ല. ഡി.എൻ.എം. ഫർണിച്ചർ രേഖപ്പെടുത്തിയ വിവിധ കമ്പനികളുടെ Armless കസേരകളുടെ വിലവിവരം ചുവടെ ചേർക്കും പ്രകാരമാണ്.

| | |
|---|---|
| Friendly | 200 |
| Supreme | 350 |
| Nilkamal | 390 |
| FamilyPlastic | 390 |

ഇതിൽ നിന്നും 109 Nilkamal Armless Chairവാങ്ങാനും, കൂടാതെ ക്വട്ടേഷനിൽ രേഖപ്പെടുത്താത്ത 10 Armed Chair ഉം കൂടി ആവശ്യപ്പെട്ടാണ് നിർവ്വഹണോദ്യോഗസ്ഥ സപ്ലൈ ഓർഡർ നൽകിയിട്ടുള്ളത്. ക്വട്ടേഷനിൽ ഉൾപ്പെടാത്ത Armed Chair ഒന്നിന് 694.1/-രൂപ നിരക്കിലാണ് സ്ഥാപനം ഈടാക്കിയിട്ടുള്ളത്.

മേൽപ്രകാരം Nilkamal കമ്പനിയുടെ കസേരവാങ്ങാനും, ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ലാത്ത Armed Chair കൂടി വാങ്ങാനും പ്രൊക്യുയർമെന്റ് കമ്മിറ്റിയോ, ഭരണസമിതിയോ തീരുമാനിച്ചിട്ടില്ല. നിർവ്വഹണദ്യോഗസ്ഥയുടെ മാത്രം തീരുമാനപ്രകാരം കൂടിയനിരക്കിലുള്ള കസേരവാങ്ങിയതിനാലും, ക്വട്ടേഷനിൽ ഉൾപ്പെടാത്ത ഇനം കസേരവാങ്ങിയതിനാലും അധിക ചെലവുണ്ടായിട്ടുണ്ട്.

അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ടതിന് Armless Chair വാങ്ങാനാണ് ഉദ്ദേശിച്ചിരുന്നതെന്നും, ബഹു. പഞ്ചായത്ത് പ്രസിഡന്റും, ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനും ആവശ്യപ്പെട്ടതിനാലാണ് Armed Chair ന് കൂടി ഓർഡർ നൽകിയതെന്നും, നിലവാരമുള്ള കസേരയായതിനാലാണ് Nilkamal വാങ്ങാൻ തീരുമാനിച്ചതെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്.

ഭരണസമിതി തീരുമാനമില്ലാതെ ഇത്തരത്തിൽ വാങ്ങൽ നടത്തിയതിന് കൂടുതൽ വിശദീകരണം നൽകേണ്ടതാണ്.

## 1-22 സ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങൽ- രേഖകൾ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം. 42/20(മങ്കോട്, പൊടിയം എം.ജി.എൽ.സി. സ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങൽ)

അടങ്കൽ - 80000/- (വികസനഫണ്ട്(റ്റി.എസ്.പി))

ചെലവ് - 78222/- (ബിൽ നം.17/16.12.19)

മങ്കോട്, പൊടിയം എം.ജി.എൽ.സി. സ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങൽ എന്ന പ്രോജക്റ്റ് പ്രകാരം രണ്ട് ഡെസ്ക്ടോപ്പ് വാങ്ങാൻ കെൽട്രോണിന് 78222/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ലഭിച്ചതിന്റെ ഫൈനൽബിൽ, കമ്പ്യൂട്ടറിന്റെ സ്റ്റോക്ക് രജിസ്റ്റർ, വാറൻഡി-തുടർപരിപാലനം എന്നിവ സംബന്ധിച്ച കരാർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് കെൽട്രോൺ നൽകിയ Proforma Invoice-ൽ വാറൻഡി-തുടർപരിപാലനം സംബന്ധിച്ച കരാർ രേഖപ്പെടുത്തിയിട്ടുണ്ടെന്നുള്ള മറുപടിയാണ് നിർവ്വഹണോദ്യോഗസ്ഥ നൽകിയിട്ടുള്ളത്. ആയത് അംഗീകരിക്കാവുന്നതല്ല.

അനുബന്ധരേഖകൾ ലഭ്യമാക്കുന്നതിലേക്കായി ചെലവ് തുക 78222/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 തുല്യതാപഠനം- രേഖകൾ ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നം. 173/20(തുല്യതാപഠനം- പഠിതാക്കളുടെ ഫീസ് നൽകൽ)

അടങ്കൽ - 50000/- (വികസനഫണ്ട്(ജനറൽ))

ചെലവ് - 50000 /- (ബിൽ നം.3/29.04.2019)

പഞ്ചായത്തിലെ തലത്തിലുള്ള സാക്ഷരതാനിലവാരം ഉയർത്തുക, 100 ശതമാനം സാക്ഷരതകൈവരിക്കുക എന്ന ലക്ഷ്യത്തിനായി പഠിതാക്കളുടെ ഫീസ് ഇനത്തിൽ സാക്ഷരതാമിഷന് തുക കൈമാറുക എന്നതാണ് പ്രോജക്ടിന്റെ ഉദ്ദേശ്യം. ഇതിനായി 50000/- രൂപ കേരളാ സാക്ഷരതാ മിഷൻ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ആയതിന്റെ രശീതി ഫയലിൽ ലഭ്യമല്ല. അനുബന്ധരേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.26) മറുപടി ലഭ്യമാക്കിയിട്ടില്ല.
സാക്ഷരതമിഷന് തുക നൽകിയതിന്റെ രശീതി,ഏത് കോഴ്സാണ് നടത്തിയത്, എത്ര പഠിതാക്കൾ ഉണ്ടായിരുന്നു, പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കിയതിന്റെ വിവരങ്ങൾ, പദ്ധതി മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽപദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്തുവാൻ കഴിഞ്ഞിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ടരേഖകൾ ഓഡിറ്റ് പരിശോധനക്ക്ഹാജരാക്കേണ്ടതാണ്

## 1-24 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - പൊതു അപാകതകൾ

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

### 1-24-1 പാലിയേറ്റീവ് കെയർ- അപാകതകൾ

| പ്രോജക്ട് നം. | അടങ്കൽ | ചെലവ് |
|---|---|---|
| 14/20 (പാലിയേറ്റീവ് കെയർ) | 654000/- | 492795 |
| 161/20 (പാലിയേറ്റീവ് കെയർ- സ്പിൽ ഓവർ) | 127638/- | 126322/- |

1. മേൽ പ്രോജക്ടുകൾ പ്രകാരം ആംബുലൻസ് ഡ്രൈവറുടെ വേതനം, ഇന്ധനം ചെലവിനത്തിൽ 105845/- രൂപ എച്ച്.എം.സി.ഫണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഇതിന് എച്ച്.എം.സി. യുടെ രസീത് വാങ്ങി സൂക്ഷിച്ചിട്ടില്ല.
2. പാലിയേറ്റീവ് കെയർ മാർഗരേഖ (സ.ഉ (സാധാ) നം.553/2019/തസ്വഭവ തീയതി 07.03.2019) ഖണ്ഡിക 2.9.1 പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷാവസാനത്തിനുമുൻപും പാലിയേറ്റീവ് കെയർ മാനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ യോഗം ചേരേണ്ടതുമാണ്. പാലിയേറ്റീവ് പ്രവർത്തനം പി.എം.സി. വിലയിരുത്തേണ്ടതും, ഓരോ മാസത്തേയും വരവ്-ചെലവ് കണക്കുകൾ പി.എം.സി. അംഗീകരിക്കേണ്ടതുമാണ്. എന്നാൽ 2019- 20 സാമ്പത്തിക വർഷം രണ്ട് പ്രാവശ്യം മാത്രമേ പി.എം.സി. യോഗം ചേർന്നിട്ടുള്ളു.
3. ഖണ്ഡിക 2.6 പ്രകാരം ആഴ്ചയിൽ ഒരു പ്രാവശ്യം മെഡിക്കൽ ഓഫീസർ ഹോം കെയർ ബുക്ക് സാക്ഷ്യപ്പെടുത്തേണ്ടതാണ്ഹോംകെയർ രജിസ്റ്റർ മെഡിക്കൽ ഓഫീസർ കൃത്യമായി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

ഇനിയുള്ള നിർവ്വഹണത്തിൽ മേൽ അപാകതകൾ ആവർത്തിക്കാതിരിക്കുമെന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ വിശദീകരണം നൽകിയിട്ടുള്ളത്. പാലിയേറ്റീവ് പരിചരണത്തിൽ സർക്കാർ മാർഗ്ഗനിർദ്ദേശം കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതും, എച്ച്.എം.സി.ക്ക് നൽകിയ തുകയ്ക്ക് എച്ച.എം.സി-യുടെ രസീത് ലഭ്യമാക്കേണ്ടതുമാണ്.

### 1-24-2 പ്രാഥമികാരോഗ്യകേന്ദ്രത്തിന് മരുന്ന് വാങ്ങൽ- മരുന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

പ്രോജക്ട് നം. 13/20 (പ്രാഥമികാരോഗ്യകേന്ദ്രത്തിന് മരുന്ന് വാങ്ങൽ)

പ്രാഥമികാരോഗ്യകേന്ദ്രത്തിന് മരുന്ന് വാങ്ങുന്നതിനായി 719000/- രൂപ In House Drug Bank ന് നൽകിയിട്ടുണ്ട്(ബിൽ നം.21- തീയതി ബിൽബുക്കിലും, ക്യാഷ്ബുക്കിലും രേഖപ്പെടുത്തിയിട്ടില്ല). എന്നാൽ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ലായെന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നം.15).

മരുന്ന് അടിയന്തിരമായി ലഭ്യമാക്കാൻ തുടർനടപടി സ്വീകരിച്ച് വിശദാംശം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-25 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | യിരുപ്പ് |
| ഭരണചെലവുകൾ (*1) | 71122 | 1662474 | 1733596 | 1204054 | 529542 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (*2) | 0 | 40510000 | 40510000 | 40510000 | 0 |
| ആകെ | 71122 | 42172474 | 42243596 | 41714054 | 529542 |

(*1)- ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്, ചെലവ് എന്നിവ യഥാക്രമം 1665375/-, 1210054/- എന്നിങ്ങനെയാണ്. അപാകത പരിഹരിക്കേണ്ടതാണ്.

(*2)- യഥാർത്ഥ വരവ്/ചെലവ്- 40510857 ആണ്. എ.എഫ്.എസിൽ തുക റൗണ്ട് ചെയ്ത് എൻട്രി വരുത്തിയതിനാലാണ് അപാകത സംഭവിച്ചതെന്ന് അറിയിക്കുകയുണ്ടായി(ഓഡിറ്റ് എൻക്വയറി നം.20)

## 1-25-1 മെറ്റീരിയൽ വർക്ക്- നിയമാനുസൃത ടി.ഡി.എസ് ഈടാക്കേണ്ടതാണ്

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ടി.ഡി.എസ്. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ തൊഴിലുറപ്പ് പദ്ധതിപ്രകാരം നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന മെറ്റീരിയൽ പ്രവൃത്തികളിൽ ഇത്തരത്തിൽ റ്റി.ഡി.എസ്. ഈടാക്കിയിട്ടില്ല.

| പ്രവൃത്തിയുടെ പേര് | കരാറുകാരൻ | സാധന വിലയിൽ നൽകിയ തുക | ഈടാക്കേണ്ടിയിരുന്ന റ്റി.ഡി.എസ് (2%) |
|---|---|---|---|
| 4 സെന്റ് കോളനി നടപ്പാത നിർമ്മാണവും കോൺക്രീറ്റും | ശ്രീ.അജിത് കുമാർ | 213143 | |
| കണ്ടകംചിറ താഴെമണപുറം നടപ്പാത നിർമ്മാണവും കോൺക്രീറ്റും | | 233271 | |
| കാവുവിള മുതൽ കുറ്റിച്ചൽ റേഷൻകടന<br>വരെ നടപ്പാത നിർമ്മാണം | | 204755 | |
| വഞ്ചിക്കുഴി മുതൽ കുത്തിക്കുഴി വരെയുള്ള റോഡ് സൈഡ് വാൾ | | 353484 | |
| മാറാനക്കുഴി കല്ലുവെട്ടാനക്കുഴി തോട് ബണ്ട്, തടയണ നിർമ്മാണം | | 329488 | |
| കണ്ടകൻചിറ മുതൽ മുണ്ടണിവരെയുള്ള തോട് ഡൈഡ് വാൾ | | 362193 | |
| ആകെ | | 169334 | 33927 |
| ഉത്തരംകോട് പള്ളിത്തറ മേക്കേകോണം വരെയുള്ള തടം നിർമ്മാണം | മുഹമ്മദ് അർഷാദ് | 206442 | |
| കാലംകുഴി മുതൽ കോട്ടൂർവരെയുള്ള തോട് സൈഡ് വാൾ | | 332753 | |
| ആകെ | | 539195 | 107184 |
| അരിയാവിള നടപ്പാലം നിർമ്മാണം | ജയകുമാർ.ഡി | 1029847 | 20597 |

ഇത് സംബന്ധിച്ച് വിശദാംശം ആവശ്യപ്പെട്ടതിന്(എൻക്വയറി നം.12) കരാറുകാരിൽ നിന്നും റ്റി.ഡി.എസ്. ഈടാക്കിയിട്ടില്ലായെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്. കരാറുകാരിൽ നിന്ന് നിയമാനുസൃത റ്റി.ഡി.എസ്. ഈടാക്കി ഒടുക്കുവരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-26 ടെണ്ടർ ഫോം വില ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

ജില്ലാപഞ്ചായത്തിൽ നിന്നും ഇ ടെണ്ടർ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോമിന്റെ വില സ്വീകരിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽയൂണിയൻ ബാങ്ക് കുറിച്ചൽ ശാഖയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും ഇ- ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല. ഈ ഇനത്തിൽ ലഭിക്കേണ്ട തുകയുടെ വിവരം ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

ഇ ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ ജില്ലാപഞ്ചായത്തിൽ നിന്നും നാളിതുവരെ തുകയൊന്നും ലഭിച്ചിട്ടില്ലായെന്നാണ് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്(ഓഡിറ്റ് എൻക്വയറി നം.23). ഈ ഇനത്തിൽ നാളിതുവരെ ലഭിക്കാനുള്ള തുക കണക്കാക്കി ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാക്കി ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം- പിഴ ഈടാക്കിയില്ല

പ്രോജക്ട് നം. - 13/20

അടങ്കൽ - 790000/- /-

ചെലവ് - 579847/- [568090/- രൂപ ബിൽ നം. 2/9.5.2019 പ്രകാരം മാറിയിട്ടുണ്ട്. ബാക്കി 47197/- രൂപ 2020-21 സാമ്പത്തികവർഷമാണ് മാറിയിട്ടുള്ളത്

കരാറുകാരൻ - ശ്രീ.ഡി.ജയകുമാർ

എം-ബുക്ക് നം. - 595/18-19

ആകെ പ്രവൃത്തിമൂല്യം - 579847/-

ടെണ്ടർ നോട്ടീസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധി 4 മാസമാണ്. എഗ്രിമെന്റ് വച്ച് സൈറ്റ് കൈമാറിയത് 25.10.2018 നാണ്. ഇത് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നത് 25.02.2019 നുള്ളിലാണ്. എന്നാൽ 17.03.2019 നാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരനിൽ നിന്നും നിയമാനുസൃത (ജി.ഒ(പി)13/2012/പി.ഡബ്ല്യുഡി/ 01.02.2012 പ്രകാരം) പിഴ ഈടാക്കിയിട്ടില്ല.കരാറുകാർ കൃത്യമായി പ്രവൃത്തി പൂർത്തിയാക്കുന്നുണ്ടോ എന്നും പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ നിയമപരമായ നടപടിക്രമങ്ങൾ പാലിക്കുകയും പിഴ ഈടാക്കുകയും ചെയ്യുന്നുണ്ടോ എന്ന് നിർവഹണ ഉദ്യോഗസ്ഥനും സ്റ്റാന്റിങ്ങ് കമ്മിറ്റിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-28 മാലിന്യ സംസ്കരണം- കാര്യക്ഷമമാക്കേണ്ടതാണ്

കുറിച്ചൽ, കോട്ടൂർ മാർക്കറ്റുകളിൽ കുമ്പാരമായി കിടക്കുന്ന മാലിന്യം നീക്കം ചെയ്യുന്നതിന് തുടർനടപടി സ്വീകരിക്കാൻ 24.07.2018 ലെ ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. ജൈവമാലിന്യസംസ്കരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർനടപടി വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.21) മറുപടിയായി കോട്ടൂർ മാർക്കറ്റിനുള്ളിൽ തുമ്പൂർമുഴിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും, പ്രവർത്തനം തുടങ്ങിയിട്ടില്ലായെന്നും, ഖരമാലിന്യസംസ്കരണത്തിനായി എല്ലാ വാർഡിലും മിനി എം.സി.എഫ് യൂണിറ്റ് പദ്ധതികൾ തുടങ്ങുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്നും, നിലവിൽ ഗ്രാമപഞ്ചായത്തിൽ ഒരു എം.സി.എഫ്. യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടെന്നും അറിയിച്ചു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166 പ്രകാരം മാലിന്യ സംസ്കരണം സ്ഥാപനത്തിന്റെ അനിവാര്യ ചുമതലയിൽ ഒന്നാണ്. പദ്ധതി മാർഗ്ഗരേഖയിലേയും സബ്സിഡി മാർഗ്ഗരേഖയിലേയും നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഉറവിട മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകുന്ന പദ്ധതികൾ ആവിഷ്കരിക്കുവാൻ വർക്കിംഗ് ഗ്രൂപ്പിന്റേയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-29 പുക പരിശോധയ്ക്ക് (Pollution Test)വിധേയമാക്കിയിട്ടില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 21 B 2060 Bolero Jeep വാഹനത്തിന്റെ 2019-20 സാമ്പത്തിക വർഷം പുക പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. വാഹനത്തെ സംബന്ധിച്ച രേഖകളുടെ പരിശോധനയിലാണ് ഇക്കാര്യം ബോദ്ധ്യപ്പെട്ടത്. ഈ വിഷയം ചൂണ്ടിക്കാട്ടി 28.06.2021 തീയതിയിൽ 25 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്

ലഭ്യമാക്കിയ മറുപടിയിൽ പൊല്യൂഷൻ ടെസ്റ്റ് നടത്തി രേഖകൾ കൃത്യമായും സൂക്ഷിക്കുന്നതാണെന്ന വ്യക്തമാക്കിയിട്ടുണ്ട്. ഔദ്യോഗിക വാഹനങ്ങൾ നിഷ്കർഷിക്കപ്പെട്ട ഇടവേളകളിൽ പുക പരിശോധനയ്ക്ക് വിധേയമാക്കേണ്ടത് കസ്റ്റോഡിയൻ ഓഫീസറുടെ ചുമതലയാണ്.

## 1-30 മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല

അറ്റകുറ്റപ്പണികൾ, സ്പെയർ പാർട്സുകൾ മാറ്റി സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളും അതിനുവേണ്ടിവന്ന ചെലവ്, തീയതി തുടങ്ങിയ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുള്ള മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്ററും ഇന്ധനം നിറച്ച തീയതി, അളവ്, വില, വാഹന നമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ഇന്ധന രജിസ്റ്ററും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 28.06.2021 തീയതിയിൽ 25 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും പ്രസ്തുത രജിസ്റ്ററുകൾ യഥാവിധി കാലികമാക്കിയിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. സ.ഉ (പി) നം. 803/70/ ഫിൻ തീയതി. 13.11.1970 പ്രകാരം പുറപ്പെടുവിച്ച മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങളിലെ ചട്ടം.I(3) അനുസരിച്ച് വാഹനങ്ങളുടെ നിയന്ത്രണോദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട പ്രധാന രേഖകളാണ് മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്ററും ഇന്ധന രജിസ്റ്ററും. ആയതിനാൽ മേൽപ്പറഞ്ഞ രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടത് നിയന്ത്രണോദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ്.

## 1-31 ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ലോഗ്ബുക്കുകൾ നിയമാനുസൃതമായ രീതിയിൽ പരിപാലിക്കുന്നില്ല. ലോഗ്ബുക്കുകളുടെ പരിപാലനത്തിൽ കെ.എഫ്.സി വാല്യം.I പ്രകാരം കെ.എഫ്.സി വാല്യം.II ൽ നൽകിയിട്ടുള്ള 48എ, 48ബി എന്നീ ഫോറങ്ങളിലെ വ്യവസ്ഥകളും കേരള സർക്കാർ ധനകാര്യ പരിശോധനാ വിഭാഗം (നോൺ ടെക്നിക്കൽ-എഫ്) വകുപ്പ് പുറപ്പെടുവിച്ച 2.08.2008 ലെ 41/2008/ധന നമ്പർ സർക്കുലറിലെ വ്യവസ്ഥകളും 30.06.07 ലെ ജി.ഒ. (എം.എസ്) 170/07 ത.സ്വ.ഭ.വ എന്ന ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്. 2019-20 സാമ്പത്തിക വർഷത്തെ ലോഗ്ബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഫുൾടാങ്ക് ഇന്ധനം നിറയ്ക്കുകയോ ഇന്ധനം നിറച്ച വിവരം രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല

വാഹനത്തിന്റെ ഇന്ധനടാങ്ക് പൂർണ്ണമായും നിറയ്ക്കേണ്ടതാണ്. നിയന്ത്രണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ മേൽനോട്ടത്തിലോ അല്ലെങ്കിൽ നിയന്ത്രണാധികാരി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലോ ഇന്ധനം നിറയ്ക്കേണ്ടതാണ്. തീയതി, ഓരോ പ്രാവശ്യവും നിറച്ച ഇന്ധനത്തിന്റെ ആകെ അളവ്, ഇന്ധനം നിറയ്ക്കുമ്പോഴുള്ള കിലോമീറ്റർ റീഡിംഗ്, ആ സമയത്ത് വാഹനത്തിലുണ്ടായിരുന്ന ഇന്ധനത്തിന്റെ മുൻബാക്കി എന്നിവ ലോഗ്ബുക്കിൽ എഴുതിയതിനുശേഷം ടാങ്ക് നിറയ്ക്കുമ്പോൾ സന്നിഹിതനായിരുന്ന ഉദ്യോഗസ്ഥന്റെ പേരും ഒപ്പും ഉദ്യോഗപ്പേരും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതുന്നതിന് ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ വാഹനത്തിന്റെ ടാങ്ക് കപ്പാസിറ്റിയും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

2. രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തുന്നില്ല

ലോഗ്ബുക്കിന്റെ നിർദ്ദിഷ്ട ഭാഗത്ത് വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, Type Of Vehicle എന്നീ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

3. യാത്രയുടെ ഉദ്ദേശ്യം നിർദ്ദിഷ്ട രീതിയിൽ രേഖപ്പെടുത്തുന്നില്ല

ലോഗ്ബുക്കിലെ 5 ആമത്തെ കോളം ശരിയായി പൂർണ്ണമായും ശരിയായും പൂരിപ്പിക്കേണ്ടതാണ്. “Pupose Of Journey (If On Official Duty Full Details And Place Or Places To Which Proceeding)" "എന്ന കോളത്തിൽ വിവിധ വാർഡുകളിൽ പോയിവന്നു, പരാതി അന്വേഷണത്തിന് പോയിവന്നു" എന്നിങ്ങനെയുള്ള ചുരുങ്ങിയ വാക്കുകളിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. യാത്രയുടെ ഉദ്ദേശ്യവും ലക്ഷ്യങ്ങളും പൂർണ്ണമായ വിവരം ഉൾക്കൊള്ളുന്ന രീതിയിൽ രേഖപ്പെടുത്തേണ്ടതാണ്.

4. അറ്റകുറ്റപണികളുടെ വിവരം രേഖപ്പെടുത്തുന്നില്ല

അറ്റകുറ്റപണികളെ സംബന്ധിച്ചുള്ള വിവരങ്ങൾ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

5. സംക്ഷിപ്തം ഉൾപ്പെടുത്തിയിട്ടില്ല

മുൻബാക്കി, നിറച്ച ഇന്ധനം, ഉപയോഗിച്ച ഇന്ധനം, സഞ്ചരിച്ച ദൂരം, നീക്കീയിരിപ്പ് എന്നീ വിവരങ്ങളുടെ മാസാന്ത്യ സംക്ഷിപ്തം ഓരോ മാസത്തിന്റെ അവസാന ദിവസവും വർഷാന്ത്യ സംക്ഷിപ്തം സാമ്പത്തിക വർഷാവസാനവും രേഖപ്പെടുത്തേണ്ടതും ആയത് കസ്റ്റോഡിയൻ-ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

6. ഇന്ധനക്ഷമത ടെസ്റ്റ് സർട്ടിഫിക്കറ്റ് പതിച്ചിട്ടില്ല

ഇന്ധനക്ഷമത ടെസ്റ്റ് എല്ലാ വർഷവും കൃത്യസമയത്ത് നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിക്കേണ്ടതുമാണ്.

മേൽ അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് 28.06.2021 ന നൽകിയ 25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാഹനത്തിന്റെ കസ്റ്റോഡിയനായ സെക്രട്ടറിയും, പരിപാലന ചുമതലയുള്ള ഉദ്യോഗസ്ഥരും മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗവും പരിപാലനവും ലോഗ്ബുക്കുകളുടെയും അനുബന്ധ രേഖകളുടെയും പരിപാലനവും നിയമപ്രകാരമാണെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-32 ജനറേറ്ററിന്റെ ലോഗ്ബുക്ക്,ഇന്ധന രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല

പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജനറേറ്ററിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ലോഗ്ബുക്ക്, ഇന്ധന രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പ്രസ്തുത രേഖകൾ ആവശ്യപ്പെട്ട് 28.06.2021 ന നൽകിയ 25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് കാലികമാക്കി സൂക്ഷിക്കുന്നതിനുള്ള നടപടി സൂക്ഷിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-33 കരാർപത്രം (എഗ്രിമെന്റ്) ചമച്ചിട്ടില്ല

വാടകയുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ പഞ്ചായത്ത് വാടകക്കാരുമായി കരാറിലേർപ്പെട്ടിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇക്കാരണത്താൽ കരാർ പുതുക്കുവാനും കഴിഞ്ഞിട്ടില്ല. കുറിച്ചൽ, കോട്ടൂർ മാർക്കറ്റ് കടമുറികളുടെ വാടകക്കരാറാണ് നാളിതുവരെ ചമയ്ക്കുവാനോ പുതുക്കുവാനോ സാധിക്കാത്തത് അധികൃതരുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. എഗ്രിമെന്റ് വയ്ക്കാത്തപക്ഷമോ പുതുക്കാത്തപക്ഷമോ വാടക ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ ആയത് ഈടാക്കുന്നതിന് നിയമപരമായി സാധിക്കുന്നതല്ല. കൂടാതെ മറ്റേതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാര തുകകളും ഈടാക്കുവാൻ കഴിയാത്ത അവസ്ഥയും സംജാതമാകും.

ഇതു സംബന്ധിച്ച് 23.06.2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.08ന് ലഭ്യമാക്കിയ മറുപടിയിൽ വാടകക്കാരുമായി യഥാസമയം സ്റ്റാമ്പ് പേപ്പറിൽ കരാർ വച്ചിട്ടില്ലെന്നും 2019-2020 സാമ്പത്തിക വർഷത്തെ വാടക തുക എല്ലാവരും ഒടുക്കിയിട്ടുണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-34 ഫാക്ടറി വ്യാപാര ലൈസൻസ് പരിശോധന

കുറിച്ചൽ ഗ്രാമ പഞ്ചായത്തിൽ പരിശോധനയ്ക്ക് ഹാജരാക്കിയ ട്രേഡേഴ്സ് രജിസ്റ്റർ പ്രകാരം ഒന്ന് മുതൽ പതിനാല് വാർഡുകളിലായി നിലവിൽ 169 സ്ഥാപനങ്ങൾ ഉണ്ട്. എന്നാൽ 2019 - '20 വർഷത്തെ ഡിമാന്റ് രജിസ്റ്ററിൽ 147 സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (01/21.06.2021) മറുപടിയായി 20 സ്ഥാപനങ്ങൾ 2019 - 2020 വർഷത്തിൽ പ്രവർത്തനം അവസാനിപ്പിച്ചുവെന്നും, സോണി ഇലക്ട്രോണിക്സ്, കുറിച്ചൽ, ശിവാനന്ദ വിജയം സിദ്ധ വൈദ്യശാല, കുറിച്ചൽ എന്നി സ്ഥാപനങ്ങളാണ് ലൈസൻസ് ഫീസ് ഒടുക്കാൻ അവശേഷിക്കുന്ന സ്ഥാപനങ്ങളെന്നും മറുപടി നൽകിയിട്ടുണ്ട്. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ ആയതിനാൽ ഈ സ്ഥാപനങ്ങളിൽ തുടർ നടപടികൾ സാധ്യമായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

## 1-35 ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ അപാകങ്ങൾ

ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള മാർഗനിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ജാഗ്രതക്കുറവുള്ളതായി ഗുണഭോക്താക്കളുടെ അപേക്ഷകളുടെ പരിശോധനയിൽ നിന്നും വ്യക്തമാകുന്നു. ഗുണഭോക്താക്കളുടെ അപേക്ഷകളിൽ മേൽ വാർഡ് മെമ്പറുടേയോ, നിർവ്വഹണ ഉദ്യോഗസ്ഥന്റെയോ സാക്ഷ്യപ്പെടുത്തലുകൾ ഇല്ലാതെ അപേക്ഷകൾ പരിഗണിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അപേക്ഷാ ഫാറത്തിൽ വാർഡ് മെമ്പറുടെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ശുപാർശ നിർബന്ധമാക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള മാർഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്.

## 1-36 ദുരിതാശ്വാസനിധി നിർജീവം- ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പ്രകൃതിക്ഷോഭങ്ങൾ, അഗ്നിബാധ, അത്യാഹിതം, മാരാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന നിർദ്ധനരായ പഞ്ചായത്തുനിവാസികൾക്ക് അടിയന്തിരസഹായം നൽകുന്നതിനായി ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ്. കുറിച്ചൽ പഞ്ചായത്തിൽ ഇത്തരത്തിൽ ഒരു നിധി രൂപീകരിച്ച് ആയതിനായി ഒരു അക്കൗണ്ട് സൂക്ഷിക്കുന്നുണ്ടെങ്കിലും 2016 മുതൽ ഇത് നിർജ്ജീവമാണ്.

വ്യക്തികൾ, സംഘടനകൾ എന്നിവയിൽ നിന്നും ഇതിനായി സംഭാവന സ്വീകരിക്കാവുന്നതാണ്. അർഹരായ ദുരിതബാധിതർക്ക് 500/- രൂ വരെയുള്ള അടിയന്തിരസഹായം പ്രസ്തുത ചട്ടത്തിൽ വിഭാവനം ചെയ്യുന്നുണ്ട്.

അഗതികളായ പഞ്ചായത്തുനിവാസികൾക്ക് വളരെയധികം ഉപകാരപ്രദമാകുന്ന ദുരിതാശ്വാസനിധിയുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-37 ഗ്രാമസഭ/ഊരുകൂട്ടം ചുമതലകൾ നിറവേറ്റുന്നില്ല

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3(3)ലെ നിർദ്ദേശപ്രകാരം ഗ്രാമസഭകൾ മൂന്നു മാസത്തിലൊരിക്കലെങ്കിലും കൂടേണ്ടതാണ്. എന്നാൽ കുറിച്ചൽ ഗ്രാമപഞ്ചായത്തിലെ ഒട്ടുമിക്ക ഗ്രാമസഭകളും പദ്ധതികളുടെ വ്യക്തിഗതഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനു വേണ്ടി മാത്രം ഒരു തവണയാണ് കൂടിയിട്ടുള്ളത്.

നിയമപരമായ ഒരു ബാദ്ധ്യത നിറവേറ്റുന്നു എന്നല്ലാതെ ഗ്രാമസഭകൾ പദ്ധതിപ്രവർത്തനങ്ങളിലോ ഭരണനിർവ്വഹണത്തിലോ കാര്യമായ ഒരു പങ്കും വഹിക്കുന്നില്ല. വികസനപ്രവർത്തനങ്ങളുടെ ആസൂത്രണമോ അവയുടെ നിർവ്വഹണം സംബന്ധിച്ച അവലോകനമോ ഉണ്ടാകുന്നില്ല. പരിസ്ഥിതി സംരക്ഷണം, മലിനീകരണ നിയന്ത്രണം എന്നിവയ്ക്കു വേണ്ട നൂതന ആശയങ്ങളൊന്നും ഗ്രാമസഭകളിൽ ഉരുത്തിരിയുന്നില്ല. ഓഡിറ്റ് റിപ്പോർട്ടുകളും ചർച്ച ചെയ്യപ്പെടുന്നില്ല.

ഗ്രാമസഭകളുടെ ചുമതലകൾ ആവശ്യമായ ജനപങ്കാളിത്തത്തോടെ നിർവ്വഹിക്കപ്പെടേണ്ടതിലേക്ക് അധികാരികളുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 1-38 പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതലകൾ നിറവേറ്റുന്നില്ല

സ.ഉ(പി) നം 259/2010/സ.സ്വ.ഭ.വ തീ: 08.11.2010, 2013ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖ 6.1 എന്നിവ പ്രകാരം വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തികവർഷാരംഭത്തിൽ തന്നെ നടത്തേണ്ടതും ബാധകമായ നടപടിക്രമം പാലിച്ച് വാങ്ങൽ നടത്തുകയും ചെയ്യേണ്ടതാണ്.

പഞ്ചായത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി തൻവർഷം രണ്ടു പ്രാവശ്യം മാത്രമാണ് കൂടിയിട്ടുള്ളത്. ടെണ്ടർ ക്ഷണിക്കാൻ നിർവ്വഹണോദ്യോഗസ്ഥരെ ചുമതലപ്പെടുത്തുകയും ലഭിച്ച ടെണ്ടറുകളിൽ മൂന്നെണ്ണം അംഗീകരിക്കുകയും മാത്രമാണ് ചെയ്തിട്ടുള്ളത്.

വാങ്ങൽ പദ്ധതിയുടെ തുക നിശ്ചയിക്കുക, അംഗീകാരവും ഫണ്ടുകളും ഉറപ്പാക്കുക, വാങ്ങുന്ന സധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുക മുതലായവയെല്ലാം പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ചുമതലകളിൽപ്പെടുന്നവയാണ്. നിക്ഷിപ്തമായ ചുമതലകളെല്ലാം കമ്മിറ്റി നിറവേറ്റിയാൽ മാത്രമേ പദ്ധതികൾ ഉദ്ദേശ്യലക്ഷ്യം കൈവരിക്കുകയുള്ളൂ.

## 1-39 പദ്ധതി മോണിറ്ററിംഗ് നടക്കുന്നില്ല

സ.ഉ(കൈ) നം.11/2018/ത.സ്വ.ഭ.വ തീ 29.01.18 ഖ 13.1ലെ നിർദ്ദേശപ്രകാരം പദ്ധതിരൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി രൂപപ്പെട്ട് പദ്ധതികളുടെ മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് ഭരണസമിതിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ, ബന്ധപ്പെട്ട മിനുട്സുകളുടെ പരിശോധനയിൽ, പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുക എന്നതു മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ ചെയ്തിട്ടുള്ളത്. മുൻപദ്ധതി നിർദ്ദേശങ്ങൾ പാലിച്ച ശേഷം വേണം തുടർപദ്ധതികൾ നടപ്പാക്കാൻ എന്ന് ഊരുകൂട്ടത്തിൽ ആക്ഷേപം ഉള്ള സാഹചര്യത്തിലും ഒരു മോണിറ്ററിംഗ് സമിതി പോലും തൻവർഷം രൂപീകരിച്ചിട്ടില്ല.
പദ്ധതികൾ കൃത്യമായി പൂർത്തീകരിച്ചു എന്നും ആയതിന്റെ ഗുണഫലങ്ങൾ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നു എന്നും ഉറപ്പാക്കേണ്ടത് മോണിറ്ററിംഗ് സമിതിയുടെ ചുമതലയാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 1-40 കമ്പ്യൂട്ടർ വാങ്ങുന്നതിന് തുക അധികമായി നൽകി - 1544/-രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ 'LSGD ഓഫീസിൽ കമ്പ്യൂട്ടർ വാങ്ങൽ' എന്ന പദ്ധതിക്കായി (പ്രോജക്ട് നം :130/20) ബിൽ നം 21 മുഖേന 99035/-രൂ പിൻവലിച്ച് കെൽട്രോണിന് നൽകിയിട്ടുണ്ട്. എന്നാൽ ലഭ്യമായ സാധനങ്ങളുടെ ആകെ മൂല്യം ചുവടെപ്പറയും പ്രകാരം 97491/-രൂപ മാത്രമാണ്.

| ക്രമ നം | ബിൽ നം | ഇനം | തുക |
|---|---|---|---|
| 1 | 571196265033 (ഇ-വേ ബിൽ) | Desktop With Monitor | 38586/- |
| 2 | 551217533628(ഇ-വേ ബിൽ) | Printer | 56640/- |
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| 3 | DC No. 04486/20-21 Dt 07.11.2020<br>(കെൽട്രോണിന്റെ<br>ബിൽ) | TSP Charges | 2265/- |
| | | ആകെ | 97491/- |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി നൽകിയ 1544/-രൂ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-41 ആസ്തികൾ കൃത്യമായി പരിപാലിക്കുന്നില്ല

പഞ്ചായത്തിലെ ജനറൽ കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ മണ്ണൂർക്കര വില്ലേജിലെ പഞ്ചായത്തുവക റേഡിയോ പാർക്ക് സ്ഥലം ശ്രീമതി നിത എന്നയാൾ അനധികൃതമായി കൈയ്യേറി നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതായും ആയത് നീക്കം ചെയ്ത് സ്ഥലം വീണ്ടെടുക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടു. പ്രസ്തുത സ്ഥലം ടിയാളുടെ പൂർവ്വികർ പഞ്ചായത്തിന് വിട്ടുനൽകിയതാണെന്നും അത് പഞ്ചായത്തിന്റെ പേരിൽ പോക്കുവരവ് ചെയ്യാത്തതാണ് നിലവിലെ കൈയ്യേറ്റങ്ങൾക്ക് കാരണം എന്നുമാണ് രേഖകളിൽ നിന്നും വ്യക്തമാകുന്നത്. അനധികൃതനിർമ്മാണം നീക്കം ചെയ്യുവരവേ എതിർകക്ഷികൾ കോടതിയിൽ വ്യവഹാരം ഫയൽ ചെയ്തതിനാൽ നടപടികൾ നീണ്ടുപോകുന്നു എന്നാണ് ഇതിന്മേലുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുള്ളത്.

വലിയവിള ശ്രീകൃഷ്ണപുരം എസ്റ്റേറ്റ് ഉടമയുടെ കൈവശമുള്ള സർക്കാർ വക ഭൂമി പഞ്ചായത്തിലേക്ക് മുതൽക്കൂട്ടുന്നതിനും കമ്മിറ്റി തീരുമാനമുണ്ട്. എന്നാൽ റവന്യൂ അധികാരികളുടെ പരിശോധനാ റിപ്പോർട്ട് ലഭിക്കാത്തതിനാൽ അതിന്മേലുള്ള നടപടികളും നീണ്ടുപോകുന്നതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

പഞ്ചായത്തിന് വിട്ടുകിട്ടുന്ന ആസ്തികൾക്കടക്കമുള്ള രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിനും അവ ജനങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ ഉപയോഗിക്കുന്നതിലേക്കും ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 306375 | സ്നേഹസ്പർശനം | 306375 | 0 |
| | | 35000 | ഹരിതഭവനം | 35000 | 0 |
| | | 1039476 | ലൈഫ് ഭവനം | 1039476 | 0 |
| | | 165562 | ലൈഫ് ഭവനം(പട്ടികജാതി) | 165562 | 0 |
| | | 33661 | ക്ഷീരസമൃതി | 33661 | 0 |
| ആകെ | | 1580074 | | 1580074 | |
| ബ്ലോക്ക് പഞ്ചായത്ത് | | 480000 | ലൈഫ് ഭവനം | 480000 | |
| | | 484438 | ലൈഫ് ഭവനം(പട്ടികജാതി) | 484438 | |
| | | [illegible] | [illegible] | [illegible] | |

| | | | | | |
|---|---|---|---|---|---|
| | | 200000 | ക്ഷീരസമൃദ്ധി | 200000 | |

തൻ വർഷം സംയുക്ത പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 22,52,556/-രൂപ (RP 31 -Contributons For Joint Venture Projects(For Revenue Expenditure) From Block Panchayat )ലഭിച്ചിട്ടുണ്ട്. എന്നാൽ വരവ് വന്ന തുകകൾ ഏതൊക്കെ പ്രോജക്ടുകൾക്കാണ് ചെലവഴിച്ചത് എന്ന് സംബന്ധിച്ച വിവരം പഞ്ചായത്തിന്റെ ഭാഗത്ത് നിന്നു വ്യക്തമാക്കിയിട്ടില്ല. അതിനാൽ നീക്കിയിരിപ്പിന്റെ ആധികാരികത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ചെലവ് പത്രിക പ്രകാരമുള്ള ചെലവ് തുകയാണ് മേൽ പട്ടികയിൽ കാണിച്ചിരിക്കുന്നത്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവൃത്തികൾക്ക് 2019-20 സാമ്പത്തിക വർഷം നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | തിരികെ ലഭിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | കുടിവെള്ള പദ്ധതി മെയിന്റനൻസ് (പ്രോജക്ട് നം 58) | 150000/- | 0 | 0 | 150000/- |
| KSEB | വൈദ്യുതി ലൈൻ നീട്ടൽ (പ്രോജക്ട് നം 144) | 214910/- | 0 | 0 | 214910/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പായിനത്തിൽ 14680000/-രൂപ KURDFC ലോണായി ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം തിരിച്ചടവിന്റെയും നീക്കിയിരിപ്പിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| വായ്പ വിവരം | ഉത്തരവ്/നമ്പർ/തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം അടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| EMS | GO(Rt)275/2010/Lsgd/27.10.2010 | 13377000 | 1337700 | 1296123* | 0 |
| KURDFC | ലഭ്യമല്ല | ** | | | |

1.*ഇ.എം.എസ് ഭവന പദ്ധതിയുടെ ബാക്കി തുകയായ 41577/-രൂപ EMS ഭവന പദ്ധതിയ്ക്കായി വായ്പയെടുത്ത തുകയിൽ ബാക്കി വന്നതായതിനാൽ വായ്പയുടെ മുതൽ തിരിച്ചടവിനായി ഉപയോഗിക്കുവാൻ ഗ്രാമവികസന വകുപ്പിന്റെ ഓഡിറ്റ് വേളയിൽ നിർദ്ദേശിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 41577/-രൂപ പഞ്ചായത്തിന്റെ 1.02.2019 ലെ കമ്മിറ്റി തീരുമാനപ്രകാരം വി.ഇ.ഒ മുഖാന്തിരം കുറ്റിച്ചൽ സർവ്വീസ് സഹകരണ ബാങ്കിൽ അടവാക്കിയിട്ടുണ്ട്.

2.* KURDFCവായ്പ തുക സംബന്ധിച്ച് പരാമർശം വാർഷിക ധനകാര്യപത്രികയിലെ അപാകതകളിൽ പരാമർശിച്ചിട്ടുണ്ട്. നീക്കിയിരിപ്പിൽ വ്യത്യാസമുണ്ട്.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 90213317 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 79941737 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 79766 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 78222 | ശ്രീമതി ബിജിറ്റ് ചാക്കോ, എച്ച്.എം |
| 1-42 | 1544 | ശ്രീ.ജീവൻ.എസ്, സെക്രട്ടറി |
| ആകെ | 79766 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|
| ശ്രീമതി ബിജിറ്റ് ചാക്കോ, എച്ച്.എം | പറക്കോട്ടിൽ, പള്ളിമുക്ക്, പേയാട്.പി.ഒ |
| ശ്രീ.ജീവൻ.എസ്, സെക്രട്ടറി | ക്രിഷ് കോമ്പൌണ്ട്, റ്റി.സി. 46/845, കുഞ്ചാലുമ്മൂട്, കരമന.പി.ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി 6/1087/05, തീയതി.25.06.14 | 2 | |
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/937/2018, തീയതി 13.06.18 | 3 | |
| [illegible] | [illegible] | [illegible] | |

| | | | |
|---|---|---|---|
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/937/2018, തീയതി 13.06.18 | 1 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/937/2018, തീയതി 13.06.18 | 3 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/937/2018, തീയതി 13.06.18 | 7 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/937/2018, തീയതി 13.06.18 | 5 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/937/2018, തീയതി 13.06.18 | 9 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/937/2018, തീയതി 13.06.18 | 8 | |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി 6/635/14, തീയതി.16.09.14 | - | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി 5/937/18, തീയതി.13.06.18 | 12 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി 5/937/18, തീയതി.13.06.18 | 5 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി 5/937/18, തീയതി.13.06.18 | 5 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/920/2017, തീ.15.10.18 | 7 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1769/2017, തീ.06.01.18 | 17 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/39/2018, തീ.27.03.19 | 25 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/629/2020, തീ.01.06.2020 | 24 | |

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്